2023
AUGUST
17
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## 2027ൽ ഇന്ത്യ കുതിക്കും

**ന്യൂഡൽഹി:** 2027 ൽ ഇന്ത്യ ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകുമെന്നും രാജ്യത്തു മികച്ച 10 സാമ്പത്തിക ശേഷിയുള്ള സംസ്ഥാനങ്ങളിലൊന്നായി കേരളം വളരുമെന്നും പഠനം. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഗവേഷണ വിഭാഗമായ എസ്ബിഐ റിസർച്ചിന്റെ റിപ്പോർട്ടിലാണിതു പറയുന്നത്.

2029 ൽ ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്!വ്യവസ്ഥയായി മാറുമെന്നായിരുന്നു കഴിഞ്ഞവർഷം എസ്ബിഐ റിസർച് പ്രവചിച്ചത്. എന്നാൽ, നിലവിലെ വളർച്ചാനിരക്കു നിലനിർത്തിയാൽ 2027 ൽ തന്നെ ഈ നേട്ടം കൈവരിക്കുമെന്ന് പുതിയ റിപ്പോർട്ടിൽ പറയുന്നു.നിലവിൽ അഞ്ചാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യ. 2027ൽ യുഎസ്, ചൈന എന്നിവയ്ക്കു തൊട്ടുപിന്നിൽ ഇന്ത്യ എത്തുമെന്നാണ് പ്രവചനം.

2022, 27 ൽ ഇന്ത്യയുടെ ജിഡിപിയിലുണ്ടാകുന്ന(മൊത്ത ആഭ്യന്തര ഉൽപാദനം) വർധന മാത്രം ഓസ്ട്രേലിയൻ സമ്പദ്!വ്യവസ്ഥയേക്കാൾ വലുതായിരിക്കും. ലോകസമ്പദ്!ഘടനയിൽ ഇന്ത്യയുടെ വിഹിതം 4 ശതമാനമാകും.നടപ്പു സാമ്പത്തികവർഷം 11.3 ലക്ഷം കോടി രൂപയുടേതാണ് കേരളത്തിന്റെ സമ്പദ്!വ്യവസ്ഥ. 2027 ൽ 18.14 ലക്ഷം കോ ടിയായി ഉയരുമെന്നാണു വിലയിരുത്തൽ.

2027 ൽ മഹാരാഷ്ട്ര, യുപി, തമിഴ്നാട്, കർണാ ടക, ഗുജറാത്ത്, രാജസ്ഥാൻ, ആന്ധ്രപ്രദേശ്, തെലങ്കാന, മധ്യപ്രദേശ് എന്നിവയ്ക്കു താഴെ 10 ാം സ്ഥാനം കേരളം കൈവരിക്കുമെന്നാണു റിപ്പോർട്ട്. ഒന്നാമതെത്തുന്ന മഹാരാഷ്ട്രയുടെ ജിഡിപി 53.76 ലക്ഷം കോടി രൂപയാകും. കേരളം കൈവരിക്കുന്ന 18.14 ലക്ഷം കോടി, യൂറോപ്യൻ രാജ്യമായ ഹംഗറിയുടെ സമ്പദ്‌വ്യവസ്ഥയ്ക്കു തുല്യമാകും.

## കൃഷി വകുപ്പിന്റെ 2000 ഓണച്ചന്ത 25 മുതൽ

**തിരുവനന്തപുരം:** ഈ മാസം 25 മുതൽ 28 വരെ കൃഷി വകുപ്പ് 2000 ഓണച്ചന്ത നടത്തും. കഴിയുന്നത്ര പച്ചക്കറികൾ ഇതുവഴി ലഭ്യമാക്കും.ഓണച്ചന്തകളിൽ 1076 എണ്ണം കൃഷി വകുപ്പു നേരിട്ടും 764 എണ്ണം ഹോർട്ടികോർ!പും 160 എണ്ണം വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോൻ കൗൺസിലും നടത്തും. ഇവിടങ്ങളിലേക്ക് പഴം, പച്ചക്കറി എന്നിവ അതതു ജില്ലകളിലെ കർഷകരിൽ നിന്ന് സംഭരിക്കണമെന്നാണ് കൃഷി ഡയറക്ടറുടെ സർക്കുലർ. കർഷകരിൽ നിന്ന് ലഭിക്കാത്ത പച്ചക്കറികൾ ഹോർട്ടികോർപ്പിൽ നിന്ന് വാങ്ങണം. കർഷകരിൽ നിന്നു നേരിട്ടു സംഭരിക്കുന്ന പച്ചക്കറികൾ വിപണിയിലെ വിലയെക്കാൾ 10% അധികം നൽകി സംഭരിക്കണം. ഓണച്ചന്തകളിൽ വിപണിവിലയെക്കാൾ 30% വരെ കുറഞ്ഞ വിലയ്ക്ക് ഉപയോക്താക്കൾക്ക് നൽകണം. ജില്ലാതലത്തിൽ വിലനിർണയത്തിന് സമിതിയുണ്ടാകും. വകുപ്പ് നേരിട്ടുനടത്തുന്ന ഓണച്ചന്തകൾ കൃഷിക്കൂട്ടങ്ങളുടെ സഹകരണത്തോടെ കൃഷിഭവനുകളി!ൽ ഒന്ന് എന്ന തോതിലായിരിക്കും. ഓണച്ചന്തകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കും.ഓണവിപണികൾ സംഘടിപ്പിക്കുന്നതിന് കൃഷി വകുപ്പിന് 6.99 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഹോർട്ടികോർപിന് 2.27 കോടിയും, വിഎഫ്പിസികെയ്ക്ക് 97.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

# പിടിവിട്ട് വീണ്ടും വിലക്കയറ്റം: കേരളത്തിൽ 1.18% വർധന



**ന്യൂഡൽഹി:** രാജ്യമാകെ വിലക്കയറ്റത്തോത് ജൂലൈയിൽ 15 മാസത്തിനിടെയുള്ള ഏറ്റവും ഉയർന്ന നിരക്കായ 7.44 ശതമാനമായി. ജൂണിൽ 4.87% മാത്രമായിരുന്നു. ഒറ്റയടിക്കുള്ള വർധന 2.57%. ഇതിനു മുൻപുള്ള ഏറ്റവും ഉയർന്ന നിരക്ക് 2022 ഏപ്രിലിലായിരുന്നു; 7.8%.5 മാസത്തെ ഇടവേളയ്ക്ക് ശേഷമാണ് വിലക്കയറ്റത്തോത് 6% എന്ന റിസർവ് ബാങ്കിന്റെ സഹന പരിധി വീണ്ടും കടന്നത്. തക്കാളി അടക്കമുള്ള പച്ചക്കറികളുടെ വിലയിലുണ്ടായ വർധനയാണ് കണക്കിൽ പ്രധാനമായും പ്രതിഫലിച്ചത്.

പച്ചക്കറിയുമായി ബന്ധപ്പെട്ട വിലക്കയറ്റത്തോത് ജൂണിൽ 0.93 ആയിരുന്നത്, ജൂലൈയിൽ 37.34 ശതമാനമായി കുതിച്ചുകയറിയത്.ഈ വർധന വരും മാസങ്ങളിലും തുടർന്നാൽ റിസർവ് ബാങ്കിന്റെ പലിശനിരക്ക് വെട്ടിക്കുറയ്ക്കൽ വീണ്ടും വൈകും.അടുത്ത വർഷം ജൂലൈക്കു ശേഷം മാത്രം പലിശവെട്ടിക്കുറയ്ക്കൽ പ്രതീക്ഷിച്ചാൽ മതിയെന്നാണ് ക്രെഡിറ്റ് റേറ്റിങ് ഏജൻസിയായ ഐസിആർഎയുടെ വിലയിരുത്തൽ.

വിലക്കയറ്റത്തോത് 4 ശതമാനത്തിലെത്തിക്കുകയാണ് ആർബിഐയുടെ ലക്ഷ്യം. ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട നിരക്ക് ജൂണിൽ 4.49 ശതമാനമായിരുന്നത് ഇത്തവണ 11.51 ശതമാനമായി കുതിച്ചു. മേയിൽ ഇത് വെറും 2.91% ആയിരുന്നു.4 മാസത്തെ ഇടവേളയ്ക്കു ശേഷമാണ് ജൂണിൽ വിലക്കയറ്റത്തോത് വീണ്ടും ഉയർന്നുതുടങ്ങിയത്.മൊത്തവിപണിയിലെ വിലക്കയറ്റത്തോത് (ഡബ്ല്യുപിഐ) തുടർച്ചയായി നാലാം മാസവും നെഗറ്റീവിലാണ്; മൈനസ് 1.36%.

കേരളത്തിലെ വിലക്കയറ്റത്തോത് 6.43 ശതമാനമായി ഉയർന്നു. ജൂണിൽ 5.25% ആയിരുന്നു. മേയിൽ ഇത് 4.48 ശതമാനം. നഗരമേഖലകളിലെ വിലക്കയറ്റം 6.37%, ഗ്രാമങ്ങളിലേത് 6.51%.

## ഫാനുകൾക്കും ഗുണനിലവാര മാനദണ്ഡം നിർബന്ധം

**ന്യൂഡൽഹി:** ഫെബ്രുവരി മുതൽ വൻകിട, ഇടത്തരം കമ്പനികൾ വിൽക്കുന്ന സീലിങ് ഫാനുകൾക്ക് ഗുണനിലവാര മാനദണ്ഡം നിർബന്ധം. വാണിജ്യമന്ത്രാലയം ഇതുസംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചു.ചെറുകിട സംരംഭങ്ങളുടെ ഈ മാനദണ്ഡം പാലിക്കാൻ 9 മാസവും, സൂക്ഷ്മ സംരംഭങ്ങൾക്ക് ഒരു വർഷവും സമയം ലഭിക്കും. ഗുണനിലവാര മാനദണ്ഡം കർശനമാക്കുന്നതുവഴി ഫാനുകളുടെ വിലയും കൂടാൻ സാധ്യതയുണ്ട്.

നിലവാരം കുറഞ്ഞ അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് നിർമിക്കുന്ന ഫാനുകളുടെ വിൽപന ഒരു വർഷത്തിനകം അവസാനിപ്പിക്കുകയാണ് ലക്ഷ്യം. ഗുണനിലവാരമില്ലാത്ത ഉൽപന്നങ്ങളുടെ ഇറക്കുമതി കുറച്ച് ആഭ്യന്തരവിപണിയെ ശക്തിപ്പെടുത്തുകയെന്ന് ലക്ഷ്യവുമുണ്ട്.പഴയ സ്റ്റോക്കുകൾ ഗുണനിലവാര പരിശോധനയ്ക്ക് അയയ്ക്കേണ്ടി വരും.

ക്യുസിഒ അനുസരിച്ച് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഡ്സിന്റെ ഗുണനിലവാര മാനദണ്ഡം അനുസരിച്ചായിരിക്കണം ഇനി ഉൽപാദനം. ഗുണനിലവാര മാർക്കും ഉൽപന്നത്തിലുണ്ടാകും. 60 ഉൽപന്നങ്ങൾക്ക് ഇക്കൊല്ലം നിർബന്ധിത ഗുണനിലവാര മാനദണ്ഡം ഏർപ്പെടുത്താനാണ് കേന്ദ്രത്തിന്റെ നീക്കം.





# കൃഷിയിൽ തിളങ്ങി തട്ട ഗ്രാമം

**പത്തനംതിട്ട:** കാർഷിക മേഖലയിൽ തട്ട ഗ്രാമത്തിന് അതിൻറേതായ പ്രൗഢിയുണ്ട്. നാടൻ പച്ചക്കറികളും കിഴങ്ങുവർഗങ്ങളും !യഥേഷ്ടം ലഭിച്ചിരുന്ന ഗ്രാമമാണിത്.

പത്തനംതിട്ട അടൂർ യാത്രയ്ക്കിടെ ഇന്നും തട്ടയിൽ വഴി പോകുന്നവർക്ക് റോഡരികിലെ പച്ചക്കറി വിപണനം ആകർഷണീയമാണ്. ഭരണിക്കാവ്മുണ്ടക്കയം എൻഎച്ച് 86 എയുടെ ഓരത്താണ് ഇന്നിപ്പോൾ ഗ്രാമം. അതുകൊണ്ടുതന്നെ തട്ടയിലെ പച്ചക്കറി വിപണിക്കു സാധ്യതകളും ഏറിവരികയാണ്. വഴിയോര വ്യാപാരം ഇതുവഴിയെത്തുന്ന സഞ്ചാരികൾക്ക് രസകരമായ കാഴ്ച തന്നെയാണ്. പച്ചക്കറികളാണ് ഏറെയും ഇത്തരത്തിൽ വില്പനയ്ക്കുള്ളത്.

കൃഷി മാത്രം ഉപജീവനമായി കണ്ടിരുന്ന നാട് പഴയ പ്രൗഢിയിലേക്ക് തിരികെ എത്താനാകുമോയെന്ന ശ്രമത്തിലാണ് പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തും കൃഷിഭവനും. ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയ കൃഷിഭവനിൽ ഇക്കുറി രണ്ട് അവാർഡുകളാണ് ഒന്നിച്ചെത്തിയത്. മികച്ച പ്രവർത്തനത്തിന് സംസ്ഥാന കൃഷിവകുപ്പിൻറെ പുരസ്കാരവും പന്തളം തെക്കേക്കര കൃഷിഭവനിലെ ഓഫീസർ സി. ലാലിയും കൃഷി അസിസ്റ്റൻറായിരുന്ന എൻ. ജിജിയും കരസ്ഥമാക്കി. ഉദ്യോഗസ്ഥതലത്തിലുള്ള മൂന്നാം സ്ഥാനത്തിനാണ് ഇരുവരും സംസ്ഥാനതലത്തിൽ അർഹരായത്.

തട്ടയിലെ കൃഷിയിടങ്ങളിലെ വിളവെടുക്കുന്ന വിഭവങ്ങൾക്ക് അതിൻറേതായ ഗുണമേൻമയുണ്ട്. കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് ഉത്പാദനം കൂട്ടി വിപണിയിലെത്തിക്കുകയായിരുന്നു ലക്ഷ്യം. 14 വാർഡുകളിലായി 23 കൃഷിക്കൂട്ടങ്ങളാണുള്ളത്. ഇതിൽ 18 എണ്ണം ഉത്പാദന മേഖലയിലും മൂന്നെണ്ണം മൂല്യവർധിത മേഖലയിലും പ്രവർത്തിക്കുന്നു. സേവനമേഖലയിൽ രണ്ട് കൃഷിക്കൂട്ടങ്ങളാണുള്ളത്.

തട്ടയിലെ പച്ചക്കറി മുതൽ വെളിച്ചെണ്ണ വരെ ബ്രാൻഡ് ചെയ്യപ്പെടേണ്ടതാണെന്ന തിരിച്ചറിവ് വളരെ വൈകിയാണ് ഇവിടെയുള്ള കർഷകർക്കുണ്ടായത്. മറുനാടൻ ഉത്പന്നങ്ങൾ തട്ടയിലെ പാതയോരത്ത് എത്തിച്ച് വില്പന നടത്തുന്നവരുടെ എണ്ണം കൂടിയതോടെയാണ് കർഷകരും കൃഷിവകുപ്പും ഈ തിരിച്ചറിവിലേക്ക് എത്തിയത്. തട്ട ബ്രാൻഡ് ചൂഷണം ചെയ്യപ്പെട്ടത് ഗ്രാമത്തിലെ ജൈവകർഷകരെ കുറച്ചൊന്നുമല്ല ബുദ്ധിമുട്ടിലാക്കിയത്.

സംസ്ഥാന കൃഷിവകുപ്പ് കഴിഞ്ഞ വർഷം നടപ്പാക്കിയ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയിലൂടെ തട്ട ഗ്രാമത്തെ തരിശുരഹിതമാക്കാനുള്ള യത്നത്തിനു തുടക്കം കുറിക്കുകയായിരുന്നു.

2022ലെ കർഷകദിനത്തിൽ രണ്ട് മണിക്കൂറിനുള്ളിൽ 2000 അടുക്കളത്തോട്ടങ്ങൾ നിർമിച്ചുകൊണ്ടായിരുന്നു പദ്ധതിക്കു തുടക്കമിട്ടത്.

കാട്ടുപന്നി ശല്യം രൂക്ഷമായതോടെ തരിശിട്ടിരിക്കുന്ന കൃഷിയിടങ്ങൾ ഏറ്റെടുത്ത് കൃഷി നടത്താൻ കൃഷിഭവൻ തന്നെ മുന്നിട്ടിറങ്ങി. 75 സെൻറിൽ ഇത്തരത്തിൽ കൃഷിഭവൻ നേതൃത്വത്തിൽ കൃഷി തുടങ്ങി. കാർഷിക കർമസേനയുടെ സഹകരണത്തിൽ കൃഷി സ്ഥലം ഒരുക്കൽ നടത്തി. നടീൽ സാധനങ്ങൾ കേന്ദ്ര കിഴങ്ങുവർഗ ഗവേഷണ സ്ഥാപനത്തിൽ നിന്നെത്തിച്ചു. എട്ടിനം മധുരക്കിഴങ്ങിൻറെ പ്രദർശനത്തോട്ടം ഇതിൽ പുതുമയായി. പെരിങ്ങമല ഫാമിൽ നിന്നുമെത്തിച്ച പത്തിനം വാഴകൾ, ചീര, വെണ്ട, വെള്ളരി, പച്ചമുളക്, അമരപ്പയർ, പയർ, കാച്ചിൽ, ചേന എന്നിവ കൃഷി ചെയ്തു.

# ഓണത്തിന് 119 പഴം പച്ചക്കറി വിപണികൾ



**പത്തനംതിട്ട:** ജില്ലയിൽ എല്ലാ പഞ്ചായത്തുകളിലും ഓരോ മാർക്കറ്റ് വീതവും ഹോർട്ടികോർപിൻറെ നേതൃത്വത്തിൽ 46 മാർക്കറ്റുകളും വിഎഫ്പ▯സികെയുടെ 16 മാർക്കറ്റുകളും ഉൾപ്പെടെ 119 ഓണം പച്ചക്കറി വിപണികൾ ആരംഭിക്കാൻ കൃഷി വകുപ്പ് ജില്ലാതല ഏകോപനസമിതിയോഗം തീരുമാനിച്ചു.

25 മുതൽ 28 വരെയായിരിക്കും വിപണികൾ പ്രവർത്തിക്കുന്നത്. കർഷകരിൽ നിന്നു 10 ശതമാനം അധിക വിലയിൽ നേരിട്ട് സംഭരിക്കുന്ന പഴം പച്ചക്കറി ഇനങ്ങൾ വിവിധ വിപണികൾ മുഖാന്തരം സബ്സിഡി നിരക്കിൽ വില്പന നടത്തും. ലഭ്യതക്കുറവുള്ള പച്ചക്കറികൾ ഹോർട്ടികോർപ് മുഖേന വിപണികളിലെത്തിക്കാൻ നടപടി സ്വീകരിക്കും.

നാടൻ ശർക്കര വള്ളിക്കോട്, കോട്ടാങ്ങൽ തുടങ്ങിയ പഞ്ചായത്തുകളിലെ കർഷക സംഘടനകൾ മുഖേന ലഭ്യമാക്കുന്നതിനും യോഗത്തിൽ അധ്യക്ഷത വഹിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഓമല്ലൂർ ശങ്കരൻ നിർദേശം നൽകി.ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് മായാ അനിൽകുമാർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ വി.ജെ. റെജി, സി.ആർ. രശ്മി, ഹോർട്ടികോർപ് മാനേജർ മാത്യു ഏബ്രഹാം, കൃഷിക്കൂട്ടം പ്രതിനിധി രാജൻ മാത്യു തുടങ്ങിയവർ പങ്കെടുത്തു.

## ഓണത്തിനു മുൻപ് കൈത്തറി തൊഴിലാളികൾക്ക് മൂന്നു മാസത്തെ വേതനം നൽകുമെന്ന് വ്യവസായ മന്ത്രി

**തിരുവനന്തപുരം:** കൈത്തറി തൊഴിലാളികൾക്ക് നൽകാനുള്ള വേതനത്തിൽ മൂന്നുമാസത്തെ വേതനം ഓണത്തിന് മുമ്പ് വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യവസായ മന്ത്രി പി. രാജീവ്. ഇതുസംബന്ധിച്ച ഫയൽ ഒപ്പിട്ടുകഴിഞ്ഞു. ഓണത്തിന് മുമ്പ് തന്നെ തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ. കൈത്തറി ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, ജില്ലാ വ്യവസായ കേന്ദ്രം, തിരുവനന്തപുരം കൈത്തറി വികസന സമിതി എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന അനന്തപുരി ഓണം കൈത്തറി മേള പുത്തരിക്കണ്ടത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൈത്തറി മേഖലയിൽ പരമാവധി വൈവിധ്യവൽക്കരണം നടപ്പാക്കി, മത്സരക്ഷമത വർധിപ്പിച്ചു മുന്നോട്ടു കൊണ്ടുപോവുക എന്നതാണ് സർക്കാർ നയമെന്ന് വ്യവസായമന്ത്രി പറഞ്ഞു. വിവിധ ഡിസൈനുകൾ ഇറക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. ഇതിനോടനുബന്ധിച്ച് ഒക്ടോബറിൽ കൊച്ചിയിൽ ഡിസൈനെർ കോൺക്ലേവ് സംഘടിപ്പിക്കും. കൈത്തറി, കയർ, ഹാൻഡിക്രാഫ്റ്റ്സ് മേഖലയിലെ പ്രഗൽഭ ഡിസൈനർമാർ പങ്കെടുക്കും. കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് അടുത്തമാസം ലഭിക്കും. റിപ്പോർട്ട് ലഭിച്ചശേഷം മേഖലയിലെ സംഘങ്ങൾ, തൊഴിലാളികൾ, കയറ്റുമതിക്കാർ എന്നിവരുമായി ചർച്ച ചെയ്തു ബാക്കി കാര്യങ്ങൾ തീരുമാനിക്കും. പരമാവധി കൈത്തറി മേഖലയെ ശക്തിപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്.

ചേന്ദമംഗലൂർ കൈത്തറി ഗ്രാമത്തിന്റെ നിർമാണം പുരോഗമിക്കുകയാണെന്നും ഗ്രാമത്തിന്റെ ആദ്യഘട്ട ഉദ്ഘാടനം ഈ വർഷം ഉണ്ടാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. മേളയുടെ ആദ്യ വില്പന

മന്ത്രി രാജീവ് നിർവഹിച്ചു. പരിപാടിയിൽ ഭക്ഷ്യപൊതുവിതരണ മന്ത്രി ജി.ആർ അനിൽ അധ്യക്ഷത വഹിച്ചു. കൈത്തറി മേഖലയിൽ സമഗ്ര സംഭാവന നൽകിയ എസ് വിശ്വംഭരൻ, ജി മധു എന്നിവർക്ക് മന്ത്രി അനിൽ ഉപഹാരം നൽകി. വിവിധ കൈത്തറി സംഘങ്ങളുടെ പുതിയ ഉൽപ്പന്നങ്ങൾ ഗതാഗതമന്ത്രി ആന്റണി രാജു പുറത്തിറക്കി. കൈത്തറി ആൻഡ് വസ്ത്ര ഡയറക്ടർ അനിൽകുമാർ കെ.എസ്, വാർഡ് കൗൺസിലർ സിമി ജ്യോതിഷ്, എം. എം ബഷീർ തുടങ്ങിയവർ സംബന്ധിച്ചു.

മേള ആഗസ്റ്റ് 26 വരെ പുത്തരിക്കണ്ടം നയനാർ പാർക്കിൽ ഉണ്ടാകും. ബാലരാമപുരം കൈത്തറി ഉത്പന്നങ്ങളായ പുളിയിലക്കര മുണ്ടുകൾ, സാരികൾ, ഒറിജിനൽ കസവു സാരികൾ, കസവു മുണ്ടുകൾ, ബെഡ് ഷീറ്റുകൾ, വിവിധ തരം ടവ്വലുകൾ, ഫർണിഷിംഗ് ക്ലോത്തുകൾ, ഷർട്ടിംഗ്, സ്യൂട്ടിംഗ്, റെഡിമെയ്ഡുകൾ, കൂടാതെ പരമ്പരാഗത കുത്താമ്പുള്ളി സാരികളും, ഹാന്റക്സ്, ഹാൻവീവ് തുണിത്തരങ്ങളുടെ വൈവിധ്യങ്ങളായ കൈത്തറി വസ്ത്രങ്ങളും 20 ശതമാനം ഗവൺമെന്റ് റിബേറ്റിൽ ലഭിക്കും. മേള സന്ദർശിക്കുന്നവർക്ക് പരമ്പരാഗത തറിയും ചർക്കയും നേരിട്ട് കാണുന്നതിന് അവസരമുണ്ട്. സ്റ്റാളുകളിൽ നിന്നും കൈത്തറി വസ്ത്രങ്ങൾ വാങ്ങുന്നവർക്ക് സെൽഫി പോയിന്റിൽ നിന്നും സെൽഫിയെടുത്ത് അയയ്ക്കാം. സമ്മാനാർഹമായ സെൽഫിക്ക് അടുത്ത പർച്ചേസിന് 500 രൂപ ഡിസ്കൗണ്ട് ലഭിക്കും. 1000 രൂപയ്ക്ക് മുകളിൽ കൈത്തറി ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക് ലഭിക്കുന്ന കൂപ്പണുകൾ നറുക്കെടുക്കുകയും ആഴ്ചയിൽ ഒരു ഓണ കൈത്തറി കിറ്റ് സമ്മാനമായി നൽകുകയും ചെയ്യും. (ഓണക്കിറ്റിൽ കൈത്തറി മുണ്ട്, ഷർട്ട് പീസ്, സാരി, ബെഡ് ഷീറ്റ്, ടവ്വൽ എന്നിവ ഉണ്ടാകും) ഓരോ 1000 രൂപയുടെ പർച്ചേസിനും ലഭിക്കുന്ന കൂപ്പണുകൾ നറുക്കെടുക്കുകയും ബമ്പർ സമ്മാനമായി സ്മാർട്ട് ടി വി, സ്മാർട്ട് വാച്ച്, മിക്സി എന്നിവ സമ്മാനമായി നൽകും.

## മാനവീയം വീഥി നവീകരണം പൂർത്തിയാക്കി ഓണത്തിന് മുൻപ് സമർപ്പിക്കും

**തിരുവനന്തപുരം:** മാനവീയം വീഥിയുടെ നവീകരണം പൂർത്തിയാക്കി ഓണത്തിന് മുൻപ് നാടിന് സമർപ്പിക്കുമെന്ന് പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. മാനവീയം വീഥി സന്ദർശിച്ച് നവീകരണ പ്രവർത്തനങ്ങൾ വിലയിരുത്തിയശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. സ്മാർട് സിറ്റിയിലുൾപ്പെടുത്തിയ കലാഭവൻ മണി റോഡ് ഇതിനകം നാടിന് സമർപ്പിച്ചു. മാനവീയം വീഥിയിൽ റോഡ് ഉപരിതലം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ആഗസ്റ്റ് 20 നകവും നടപ്പാത നിർമാണം 25 നകവും പൂർത്തിയാകും. നടപ്പാത, ഗാതറിങ് പോയിന്റ്, വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഭിത്തി നിർമാണം, സ്ട്രീറ്റ് ലൈബ്രറി, സ്ട്രീറ്റ് ആർട്ട് കഫേ എന്നിവയും നവീകരണത്തിലെ പ്രത്യേകതകളാണ്. സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട നിർമാണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ, പൊതുമരാമത്ത് വകുപ്പുകൾ കൃത്യമായി വിലയിരുത്തുന്നുണ്ട്. അലങ്കാര വിളക്കുകളടക്കം സ്ഥാപിച്ച് സൗന്ദര്യവൽക്കരണം പൂർത്തിയാക്കിയാകും മാനവീയം വീഥി തുറന്നു നൽകുകയെന്നും മന്ത്രി പറഞ്ഞു. ഗതാഗത മന്ത്രി ആന്റണി രാജു, വി കെ പ്രശാന്ത് എം എൽ എ, പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയർ അശോക് കുമാർ എം, എക്സിക്യൂട്ടീവ് എൻജിനീയർ വിനു ബി, പ്രോജക്ട് മാനേജർ ജയപാലൻ എന്നിവർ പങ്കെടുത്തു.

# വർണക്കൂടാരം പദ്ധതി തുടങ്ങി

**ചെറുകോൽ:** ചെന്നിത്തല ഗവ.മോഡൽ യുപി സ്കൂളിലെ പ്രീപ്രൈമറി വർണക്കൂടാരം പ്രവർത്തനമാരംഭിച്ചു. സ്കൂളിലെ കുരുന്നുകൾക്കു കണ്ടും കേട്ടും അറിഞ്ഞും വളരാനായി പ്രീ പ്രൈമറി വിദ്യാലയങ്ങളെ മനോഹരവും ആകർഷകവുമാക്കുന്ന പദ്ധതിയാണ് വർണക്കൂടാരം. ജില്ലാ പഞ്ചായത്ത് പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി ഉദ്ഘാടനം ചെയ്തു. ചെന്നിത്തല തൃപ്പെരുന്തുറ പഞ്ചായത്ത് പ്രസിഡന്റ് വിജയമ്മ ഫിലേന്ദ്രൻ അധ്യക്ഷത വഹിച്ചു.

ബ്ലോക്ക് പഞ്ചായത്ത് അംഗം ടിനു സേവ്യർ, പഞ്ചായത്തംഗം ബിന്ദു പ്രദീപ്, പഞ്ചായത്തംഗങ്ങളായ ബിനി സുനിൽ, പ്രവീൺ കാരാഴ്മ, പ്രധാനാധ്യാപിക യു. ദീപ, എസ്എംസി ചെയർമാൻ ജയ പ്രശാന്ത്, മദർ പിടിഎ പ്രസിഡന്റ് രമ്യ, സീനിയർ അസിസ്റ്റന്റ് എൻ.ടി. ബാലകൃഷ്ണൻ, ബിആർസി പരിശീലകൻ ജി. സജീഷ്, ക്ലസ്റ്റർ കോ ഓർഡിനേറ്റർ ബീനാകുമാരി എന്നിവർ പ്രസംഗിച്ചു.

## കാർഡിയോളജിയിൽ നൂതന ചികിത്സാരീതികളുമായി തൃശൂർ ഗവ മെഡിക്കൽ കോളേജ്

**തൃശ്ശൂർ:** കാർഡിയോളജി വിഭാഗത്തിൽ സങ്കീർണവും നൂതനവുമായ ചികിത്സാ രീതികളുമായി തൃശ്ശൂർ ഗവ മെഡിക്കൽ. തൃശ്ശൂർ ജില്ലയിലും സമീപപ്രദേശങ്ങളിൽ നിന്നുമായി നിരവധി സാധാരണ ജനങ്ങൾ ആശ്രയിക്കുന്ന തൃശ്ശൂർ ഗവ മെഡിക്കൽ കോളേജ് വികസന കുതിപ്പിന്റെ പാതയിലാണ്. വിവിധ വിഭാഗങ്ങളിലായും, അടിസ്ഥാന സൗകര്യ വികസനത്തിനായും ഈ സാമ്പത്തിക വർഷത്തിൽ തന്നെ കോടിക്കണക്കിനു രൂപയുടെ പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളേജിൽ നടപ്പാക്കിടിയിട്ടുള്ളത്. ഹൃദ്രോഗ ചികിത്സകൾക്ക് പുറമെ കാർഡിയോളജി വിഭാഗം സങ്കീർണമായ നൂതന ചികിത്സാരീതികൾ കൂടി ആരംഭിച്ചു.

പ്രായക്കൂടുതലുള്ള രോഗികൾക്കും ധമനികളിൽ കാൽസ്യം അടിഞ്ഞു കൂടി പാറക്കല്ല് പോലെ ഉറച്ചു ഇരിക്കുന്ന അവസ്ഥയുള്ള രോഗികൾക്കും ആൻജിയോപ്ലാസ്റ്റി പൂർണമായും ഫലവത്താവാത്ത സ്ഥിതി ഉണ്ട്. പ്രായം കൂടുതൽ ഉള്ളവർക്ക് ബൈപാസ് സർജറി വളരെ ബുദ്ധിമുട്ടുള്ളതാണ്.സെന്റ് ഇടുന്നതിനു മുൻപ് കാൽസ്യം പൊട്ടിച്ച രക്തധമനി സജ്ജമാക്കണം, ഇതിന് റോട്ടബ്ലേഷൻ ഉൾപ്പെടെയുള്ള നൂതന ചികിത്സാരീതികളാണ് മെഡിക്കൽ കോളേജ് പിന്തുടരുന്നത്. ഇതിനു ശേഷം സ്റ്റന്റ് വെച്ചാണ് കാൽസ്യം ഉള്ള ബ്ലോക്കുകളിൽ ചികിത്സ ചെയ്യുന്നത്.

സാധാരണ ചെയ്യുന്ന ആൻജിയോഗ്രാം ആൻജിയോപ്ലാസ്റ്റി എന്നിവക്ക് പുറമെ തലച്ചോറിലേക്കുള്ള രക്തധമനികളിലെ ബ്ലോക്ക് മാറ്റൽ , കൈ കാലുകളിലെ രക്തകുഴലിലെ ബ്ലോക്ക് മാറ്റൽ, ഹൃദയത്തിലെ ദ്വാരം സർജറി കൂടാതെ ട്യൂബ് കടത്തി അടക്കുക, വാൽവ് ചുരുങ്ങിയാൽ ബലൂൺ കടത്തി വികസിപ്പിക്കുക, ഹൃദയത്തിന്റെ സ്പീഡ് കുറയുമ്പോൾ ചെയ്യുന്ന പേസ്മേക്കർ, ഹൃദയതാളം തെറ്റിയാൽ ഹൃദയത്തിനു അകത്തു നിന്ന് ഷോക്ക് കൊടുത്തു ശരിയാക്കുന്ന ഐസിഡി, മുതലായ ചികിത്സകളും തൃശ്ശൂർ ഗവ മെഡിക്കൽ കോളേജിൽ ചെയ്തുവരുന്നു. കഴിഞ്ഞ വർഷം തന്നെ 50 പേസ്മേക്കറുകളും 15 ഹൃദയദ്വാരം അടക്കലും നടന്നു. വളരെ അധികം പണച്ചിലവ് വരുന്ന ചികിത്സകൾ ഇൻഷുറൻസിന്റെ സഹായത്തോടെ സൗജന്യമായാണ് മെഡിക്കൽ കോളേജിൽ ചെയ്യുന്നത്.

വർധിച്ചു വരുന്ന രോഗികളുടെ എണ്ണത്തെ നൂതനവും കൂടുതൽ ഫലവത്തായതുമായ ചികിത്സാരീതികളിലൂടെ ആശ്വാസമാവുകയാണ് തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് കാർഡിയോളജി വിഭാഗം.

## തൊഴിൽ മേള

**തിരുവനന്തപുരം:** മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പാപ്പനംകോട് ശ്രീ ചിത്തിര തിരുനാൾ കോളജ് ഓഫ് എൻജിനിയറിങ്ങിൽ ആഗസ്റ്റ് 19ന് നിയുക്തി 2023 തൊഴിൽ മേള സംഘടിപ്പിക്കുന്നു. ००൦.ഷീയളലൈ.സേല്യമഹമ.ഴീ.ശി ൽ ഖീയ ടലെസല്യ ങ്ങലഴശ്യേമശേീി എന്ന ലിങ്കിലൂടെ ലഭിക്കുന്ന യൂസർ ഐഡിയും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്തശേഷം അപേക്ഷിക്കാം. രജിസ്ട്രേഷൻ പൂർത്തിയാകുമ്പോൾ ലഭിക്കുന്ന ഹാൾ ടിക്കറ്റുമായി അന്നേ ദിവസം കോളജിൽ ബയോഡേറ്റയും അസൽ സർട്ടിഫിക്കറ്റുകളും സഹിതം എത്തണം. ഹാൾ ടിക്കറ്റിൽ അനുവദിച്ച സമയത്തിൽ മാത്രമേ ക്യാമ്പസിനുള്ളിൽ പ്രവേശിക്കാൻ പാടുള്ളൂ. എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി, പി.ജി, ഐ.ടി.ഐ/ഡിപ്ലോമ, ബി.ടെക്, എം.ബി.എ, ഹോട്ടൽ മാനേജ്മെന്റ്, പാരാമെഡിക്കൽ തുടങ്ങിയ യോഗ്യതകളുള്ളവർക്ക് നിരവധി അവസരങ്ങൾ ലഭ്യമാണ്. ഉദ്യോഗാർഥികൾക്കുള്ള മറ്റ് നിർദേശങ്ങൾ ഹാൾ ടിക്കറ്റിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471 2741713, 04712992609, 9656841001.

# ഓണത്തെ വരവേറ്റ് എടതിരിഞ്ഞിയിൽ ചെണ്ടുമല്ലി പൂക്കൾ വിരിഞ്ഞു



**ഇരിങ്ങാലക്കുട:** ഓണമടുത്തതോടെ ചെണ്ടുമല്ലിച്ചേലിലാണ് എടതിരിഞ്ഞി. മഞ്ഞയും ഓറഞ്ചും നിറങ്ങൾ ഇടകലർന്ന ചെണ്ടുമല്ലിച്ചെടികൾ പോസ്റ്റ് ഓഫീസ് ജംഗ്ഷനു സമീപമുള്ള അഞ്ചേക്കർ തോട്ടത്തിലാണ് പൂത്തുലഞ്ഞ് നിൽക്കുന്നത്.

സാമൂഹിക മാധ്യമങ്ങളിലൂടെ കണ്ടറിഞ്ഞ് ചെണ്ടുമല്ലി പൂക്കൾക്കൊപ്പം ചിത്രമെടുക്കാനും സമയം ചിലവഴിക്കാനും നിരവധി പേരാണ് ദിവസവും എത്തുന്നത്. ഇരിങ്ങാലക്കുട കോമ്പാറ സ്വദേശി വെള്ളയത്ത് ഭക്തവത്സൻറെ നേതൃത്വത്തിൽ എട്ടു പേരടങ്ങുന്ന കൂട്ടായ്മയാണ് ഈ പൂകൃഷിക്കു നേതൃത്വം നൽകുന്നത്. ഇരിങ്ങാലക്കുട അക്കിപറമ്പത്ത് വിജയൻ, നന്ദകുമാർ ചിറ്റിക്കാപറമ്പിൽ ചേർപ്പ്, സുഹറ അഷറഫ് ചേലൂർ, സുജാത വിജയൻ കിഴുത്താണി , പരീഷിത്ത് വെള്ളയത്ത് ആനന്ദപുരം, സുപ്രിയ കണ്ണോളി ആറാട്ടുപുഴ, എ.വി. സാഗർ ഗുരുവായൂർ എന്നിവരാണ് ഭക്തവത്സനോടൊപ്പമുള്ളത്.

ഹൈബ്രിഡ് ഇനത്തിലുള്ള ഓറഞ്ചും മഞ്ഞയും നിറത്തിലുള്ള 8000 ചെണ്ടുമല്ലി ചെടികളാണ് വിരിഞ്ഞു നിൽക്കുന്നത്. ചെണ്ടുമല്ലി വിത്തുകൾ ബാംഗ്ലൂരിൽ നിന്ന് എത്തിച്ചാണ് കൃഷി ആരംഭിച്ചത്. പാട്ടത്തിനെടുത്ത ഭൂമിയിൽ പ്ലാസ്റ്റിക് മൾജിം കൃഷിരീതിയും ഡ്രിപ്പ് ഇറിഗേഷൻ ജലസേചനവും പരീഷിച്ചത് കളശല്യവും വളപ്രയോഗവും കുറക്കുവാനും ഇതുമൂലം തൊഴിലാളികളെ കുറക്കുന്നതിനും സഹായകമായി.

ഓണത്തിന് കിലോക്ക് 250 രൂപയാണ് പ്രതീക്ഷിക്കുന്ന വില. വിദേശത്തു വച്ചുണ്ടായ കൂട്ടായയ്മയാണ് ഇവരുടേത്. 30 എക്കർ പാട്ടത്തിനെടുത്ത് ഈ എട്ടംഘ സംഘം കൃഷി നടത്തി വരുന്നുണ്ട്.

# ഓണത്തിനും റബർ കർഷകർക്ക് താങ്ങുവില ലഭിക്കില്ല; ആശങ്കയിൽ കർഷകർ



**നെന്മാറ :** റബറിന് സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയായ 170 രൂപ കർഷകനെ ലഭിച്ചിട്ട് ഒരു വർഷത്തിലേറെയായി. റബർ ബോർഡ് മുഖേനയാണ് താങ്ങുവില കർഷകന് നല്കിയിരുന്നത്.

റബർ ബോർഡ് അതാതു മാസം നിശ്ചയിക്കുന്ന വിപണി വിലയും സർക്കാർ പ്രഖ്യാപിച്ച 170 രൂപ എന്ന താങ്ങുവിലയും തമ്മിലുള്ള വ്യത്യാസ തുക ഇൻസെൻറീവായി റബർ കർഷകർക്ക് നല്കിയിരുന്നതായിരുന്നു രീതി. ഇപ്പോഴത്തെ വിപണി വിലയായ 142 രൂപ പ്രകാരം കർഷകർക്ക് 28 രൂപ നിരക്കിൽ താങ്ങുവില ലഭിക്കേണ്ടതാണ്.

കർഷകർ പ്രാദേശിക വിപണിയിൽ വില്പ്പന നടത്തിയ പ്രതിമാസ ബില്ലുകളും നികുതി രസീതും മറ്റു രേഖകളും റബർ ബോർഡ് സൈറ്റിൽ ഓൺലൈനായി റബർ ഉല്പാദക സംഘങ്ങൾ മുഖേന നല്കിയ കർഷകർക്കാണ് താങ്ങുവിലത്തുക ലഭിക്കുക. റബർ ബോർഡ് ഫീൽഡ് ഓഫീസർമാർ പരിശോധന നടത്തി ഭൂമിയുടെ അളവിനനുസരിച്ച് രണ്ടര ഹെക്ടറിൽ താഴെയുള്ള കർഷകർക്ക് പ്രതിമാസ ഉല്പാദനം നിർണയിച്ചതു പ്രകാരമാണ് താങ്ങുവില നല്കിയിരുന്നത്.

2022 ജൂൺ മുതൽ താങ്ങു വില കർഷകർക്ക് റബർ ബോർഡിൽ നിന്നും കുടിശ്ശികയാണ്.ഈ തുക എന്ന് കിട്ടും എന്ന കാര്യത്തിൽ റബർ ബോർഡിന് വ്യക്തമായ മറുപടിയില്ല.കഴിഞ്ഞ സാമ്പത്തിക വർഷം റബർ ബോർഡിന് ഭാഗികമായി സർക്കാർ ഫണ്ട് നല്കിയിരുന്നെങ്കിലും 2021ലെ കുടിശ്ശിക തീർക്കാൻ മാത്രമേ തുക തികഞ്ഞുള്ളു എന്ന് ബോർഡ് അധികൃതർ പറയുന്നു. 202223, 202324 സാമ്പത്തിക വർഷത്തെ ബഡ്ജറ്റുകളിലും താങ്ങു വില 170 ആയി പ്രഖ്യാപനം ഉണ്ടായിരുന്നു. ഇതിൻറെ ഭാഗമായാണ് റബർ ബോർഡ് കർഷകരിൽ നിന്നും ഓൺലൈനായി ബില്ലുകൾ സ്വീകരിച്ചു തുടങ്ങിയത്.

റബർ വിലയിടിവു മൂലം നഷ്ടം നേരിടുന്ന കർഷകർക്ക് താങ്ങു വില തുക ചെറിയ ആശ്വാസമായിരുന്നു.

ഉല്പാദന ചെലവുമായി കണക്കാക്കുന്പോൾ റബർ വില 250 രൂപയ്ക്ക് മുകളിലെത്തിയാൽ മാത്രമേ ലാഭകരമാകുയുള്ളു എന്ന് കർഷകർ പറയുന്നു.

സംഭരണ വില ലഭിക്കാത്ത നെൽക്കർഷകരുടെ പരാതികൾക്കിടയിൽ റബർ കർഷകരുടെ കാര്യം കർഷക സംഘടനകളും മറന്നു പോകുന്നുവെന്ന പരാതിയും കർഷകർക്കിടയിൽ ശക്തമാണ്.

# രണ്ടാംവിള ഉപേക്ഷിക്കുന്നു : ഉള്ളുപൊള്ളി കർഷകർ

**ഒറ്റപ്പാലം :** ചിങ്ങം ഒന്ന് കർഷക ദിനത്തിലും കണ്ണീരണിഞ്ഞ് കർഷകർ. നെല്ലിൻറെ സംഭരണവില കിട്ടാത്തതും കാലാവസ്ഥ ചതിച്ചതുമടക്കമുള്ള പരാധീനതകളിലേക്കാണ് ഇത്തവണ നെല്ലറയിലെ കർഷകർ ചിങ്ങ പുലരിയിൽ മിഴി തുറക്കുന്നത്.

ലക്ഷകണക്കിന് രൂപയാണ് സർക്കാർ ജില്ലയിലെ കർഷകർക്ക് നല്കാനുള്ളത്. കടം കയറി നടുവൊടിഞ്ഞിരിക്കുന്ന കർഷകർക്ക് ഇത്തവണത്തെ കർഷക ദിനം ദുരിതത്തിൻറേതാണ്.

രണ്ടാം വിളയൊരുക്കാൻ പാടശേഖരങ്ങളിൽ വെള്ളമില്ലാത്തതുമൂലം നെൽകൃഷി ഉപേക്ഷിക്കാനാണ് ഭൂരിഭാഗം കർഷകരും ആലോചിക്കുന്നത്. ഞാറ്റുവേലകൾ തകിടം മറിഞ്ഞതും കാലാവസ്ഥാവ്യതിയാനവും മഴയുടെ ലഭ്യത കുറവിന് വഴിതെളിച്ചു. വെള്ളമില്ലാതെ കൃഷിഭൂമി പാകപ്പെടുത്തി രണ്ടാം വിള ഇറക്കാൻ കർഷകർക്ക് കഴിയാത്ത അവസ്ഥയാണ്.

ഇതാണ് നെൽകൃഷി ഉപേക്ഷിക്കാൻ ഇവരെ പ്രേരിപ്പിക്കുന്നത്. കനത്ത വെയിലിൽ മനമുരുകിയാണ് നെൽകർഷകർ കഴിയുന്നത്. മഴയുടെ ഒളിച്ചു കളിയിൽ കൃഷിയ്ക്ക് ഞാറ് പാകാൻ ധൈര്യമില്ലാതെ നില്ക്കുകയാണ് കർഷകർ.

തിരിമുറിയാതെ പെയ്യേണ്ട തിരുവാതിര ഞാറ്റുവേലയിൽ പോലും തുള്ളി മഴയില്ലാതെയാണ് ഇത്തവണത്തെ കർക്കടകം



കടന്നു പോകുന്നത്.

ഈ പോക്കിൽ നാടും നഗരവും വെന്തുരുകുമ്പോൾ അതിലേറെ ഉരുകുന്നത് കർഷകൻറെ ഉള്ളാണ്.

മകരത്തിൽ കൊയ്യണമെങ്കിൽ ഇപ്പോൾ ഞാറ് പാകണം. മഴയുടെ മാറി നില്പ്പ് കാണുമ്പോൾ വിത്തിറിക്കാൻ ഇവർക്ക് ധൈര്യം വരുന്നില്ല.

സമീപത്തെ തോടുകളിൽ നിന്ന് വെള്ളം തിരിച്ചും കുളത്തിൽ നിന്ന് മോട്ടർ അടിച്ചും ഞാറ് പാകാനുള്ള വെള്ളം പാടങ്ങളിലുണ്ട്. പക്ഷേ അതു കഴിഞ്ഞ് വെള്ളത്തിൻറെ സ്ഥിതി എന്താവുമെന്നതാണ് കർഷകരെ ആശങ്കപ്പെടുത്തുന്നത്.

40 ദിവസമാണ് ഞാറിൻറെ മൂപ്പ്. ഇതിനിടെ വെള്ളം ലഭിച്ചില്ലെങ്കിൽ കരിഞ്ഞു പോകും. മാത്രമല്ല ഞാറ് പറിക്കുമ്പോൾ പൊട്ടിപ്പോകുകയും ചെയ്യും.

കർക്കടകത്തിൽ ഇങ്ങനെ മഴ ലഭിക്കാതിരിക്കുന്നത് ആദ്യമാണെന്നാണ് കർഷകർ പറയുന്നത്. കഴിഞ്ഞ രണ്ട് വർഷവും വെള്ളപ്പൊക്കമായിരുന്നു. വെള്ളത്തിൽ നെല്ല് ചീഞ്ഞ് പോയി.

കഴിഞ്ഞ വർഷങ്ങളിൽ നെൽക്കൃഷി നശിച്ചവർക്കൊന്നും നഷ്ടപരിഹാരവും ലഭിച്ചില്ല. പാലക്കാട് ജില്ലയിൽ ഇത്തവണ നെൽകൃഷിയുടെ കാര്യത്തിൽ വലിയ കുറവു തന്നെ സംഭവിക്കും എന്നകാര്യം ഉറപ്പായി.

ഭൂരിഭാഗം കർഷകരും വെള്ളമില്ലാത്തതു നിമിത്തം നെൽകൃഷി ഉപേക്ഷിക്കുന്നത് തന്നെയാണ് ഇതിനു കാരണം. ഇങ്ങനെ സംഭവിച്ചാൽ നെല്ലറയിൽ നെല്ലുൽപാദനത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെടും.

നെല്ലിൻറെ സംഭരണ വിലയ്ക്ക് വേണ്ടി മാസങ്ങളായി ഇവർ കാത്തിരിക്കുകയാണ് പലരും കടം വാങ്ങിയും പലിശക്കടുത്തുമാണ് കൃഷി നടത്തിയത്.

കടക്കാരുടെ ബുദ്ധിമുട്ടിക്കാൻ കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്ന അവസ്ഥവരെ ഉണ്ടാക്കിയിട്ടുണ്ട്. ഇതിനിടയിലാണ് വീണ്ടുമൊരു കർഷകദിനം കൂടി കടന്നു വരുന്നത്.

# റെയിൽവേ പാലക്കാട് ഡിവിഷൻ വരുമാനത്തിൽ വൻ വർധന

**പാലക്കാട്:** റെയിൽവേ പാലക്കാട് ഡിവിഷന് ഈ സാമ്പത്തിക വർഷം റെക്കോർഡ് വരുമാനമുണ്ടായതായി ഡിവിഷനൽ റെയിൽവേ മാനേജർ ആർ.മുകുന്ദ് അറിയിച്ചു. വരുമാനം മുൻ വർഷത്തെക്കാൾ 10.95% വർധിച്ച് 489.47 കോടി രൂപയിലെത്തി. യാത്രക്കൂലിയിനത്തിൽ 309.08 കോടി രൂപ ലഭിച്ചു. 5.10 ശതമാനമാണു വർധന.

2.42 കോടി പേർ ട്രെയിനിൽ യാത്ര ചെയ്തു. മുൻ വർഷത്തെക്കാൾ അധികമായി 25 ലക്ഷത്തോളം യാത്രക്കാരാണു ട്രെയിൻ ആശ്രയിച്ചത്. ചരക്കുകടത്ത് ഇനത്തിൽ 128 കോടി രൂപയാണു വരുമാനം, 4.08% വർധന. 1.58 മെട്രിക് ടൺ ചരക്കാണു ഡിവിഷനിൽ നിന്നു




വിവിധയിടങ്ങളിലേക്കു കൊണ്ടുപോയത്. ടിക്കറ്റ് ഇല്ലാത്ത യാത്രക്കാരിൽ നിന്നു പിഴ ഇനത്തിൽ 6.69 കോടി രൂപയും വരുമാനമുണ്ടായെന്നും അദ്ദേഹം അറിയിച്ചു.

ഡിവിഷനിലെ സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അഡീഷനൽ റെയിൽവേ മാനേജർമാരായ എസ്.ജയകൃഷ്ണൻ, സി.ടി.സക്കീർ ഹുസൈൻ, സീനിയർ പഴ്സനൽ ഓഫിസർ സിദ്ധാർഥ് കെ.വർമ, അസിസ്റ്റന്റ് സെക്യൂരിറ്റി കമ്മിഷണർ കെ.സഞ്ജയ് പണിക്കർ എന്നിവർ പ്രസംഗിച്ചു. ജോലിയിൽ മികവു തെളിയിച്ചവർക്കു ഡിആർഎം പുരസ്കാരങ്ങൾ സമ്മാനിച്ചു. ഡിആർഎം ഓഫിസിനു മുന്നിലെ പഴയകാല മീറ്റർ ഗേജ് തീവണ്ടി സന്ദർശിക്കാൻ പൊതുജനത്തിന് അവസരമൊരുക്കി.

റെയിൽവേ സ്റ്റേഷനുകളുടെ വികസനം ലക്ഷ്യമിട്ടുള്ള അമൃത് ഭാരത് സ്റ്റേഷൻ പദ്ധതി പ്രകാരം ഒറ്റപ്പാലം, നിലമ്പൂർ റോഡ്, അങ്ങാടിപ്പുറം, കുറ്റിപ്പുറം, തിരൂർ, ഫറോക്ക്, പരപ്പനങ്ങാടി, വടകര, തലശ്ശേരി, മാഹി, പയ്യന്നൂർ, കാസർകോട്, കണ്ണൂർ, മംഗളൂരു, പൊള്ളാച്ചി സ്റ്റേഷനുകളും ഷൊർണൂർ, പാലക്കാട് ജംക്ഷനുകളും നവീകരിക്കും. ആധുനിക സൗകര്യങ്ങളോടെ വിശ്രമ മുറികൾ, ശുചിമുറി, സൗജന്യ വൈഫൈ, സഹായ കേന്ദ്രം, ലിഫ്റ്റ്, യന്ത്രപ്പടി, വാഹന പാർക്കിങ് സ്ഥലം ഉൾപ്പെടെ സൗകര്യങ്ങളാണു ലക്ഷ്യമിടുന്നത്.

## ഓണത്തിന് പുതിയ കശുവണ്ടി ഉൽപ്പന്നങ്ങൾ വിപണിയിൽ

**തിരുവനന്തപുരം:** സംസ്ഥാന കശുവണ്ടി വികസന കോർപറേഷന്റെ ആഭിമുഖ്യത്തിൽ ഓണത്തിന് പുതിയ എട്ട് ഇനം കശുവണ്ടി ഉൽപ്പന്നങ്ങൾ വിപണിയിലിറക്കി. ഇതോടെ 24 ഇനം മൂല്യവർധിത ഉൽപ്പന്നങ്ങളാണ് വിപണിയിൽ എത്തുന്നത്. കാഷ്യു വിറ്റ പിസ്ത, കാർഡമം, വാനില, ചോക്ളേറ്റ്, വാനില മിൽക്ക് ഷേക്ക്, ഫ്ലവേഡ് കാഷ്യു ഉത്പന്നങ്ങൾ (ചില്ലി, ഗാർളിക് കോട്ടഡ് കാഷ്യു, സാൾട്ട് ആന്റ് പെപ്പർ കോട്ടഡ് കാഷ്യു, റെഡ് ചില്ലി കോട്ടഡ് കാഷ്യു) കാഷ്യു വിറ്റ, കാഷ്യു പൗഡർ, കാഷ്യു സൂപ്പ്, കാഷ്യു സോഡ, കാഷ്യു ആപ്പിൾ സ്ക്വാഷ്, കാഷ്യു പൈൻ ജാം തുടങ്ങിയവയാണ് വിപണിയിലെ ഉത്പന്നങ്ങൾ.

പുതിയ ഉൽപ്പന്നങ്ങൾ വ്യവസായ മന്ത്രി പി. രാജീവ് ധനമന്ത്രി കെ. എൻ. ബാലഗോപാലിന് നൽകിയാണ് ഉദ്ഘാടനം നിർവഹിച്ചത്. ചടങ്ങിൽ തൊഴിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. കശുവണ്ടി വികസന കോർപ്പറേഷൻ ചെയർമാൻ എസ്. ജയമോഹൻ, ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായിരുന്നു.


കർഷകരിൽ നിന്ന് നേരിട്ട് സഹകരണ ബാങ്കുകൾ വഴി കണ്ണൂർ, കാസർകോട് ജില്ലകളിൽ നിന്ന് സമാഹരിച്ച നാടൻ തോട്ടണ്ടിയിൽ നിന്നുള്ള കശുവണ്ടിപ്പരിപ്പാണ് ഓണക്കാലത്ത് കോർപറേഷൻ വിപണിയിൽ എത്തിച്ചിരിക്കുന്നത്. ഓണത്തിന് ഔട്ട്ലെറ്റുകൾ വഴി 30 ശതമാനം ഡിസ്കൗണ്ടിലാണ് വിൽപന. കാഷ്യു കോർപറേഷന്റെ ഒരു മൊബൈൽ ഔട്ട്ലെറ്റ് എല്ലാ ജില്ലകളിലും പര്യടനം നടത്തുന്നുണ്ട്.

## മാലിന്യ ശേഖരണ സംസ്കരണ യൂണിറ്റുകളിൽ പരിശോധന

**തിരുവനന്തപുരം:** ജില്ലയിലെ വിവിധ മാലിന്യ ശേഖരണ സംസ്കരണ യൂണിറ്റുകളിൽ ജില്ലാ മാലിന്യ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധന നടത്തി. മാണിക്കൽ, നെല്ലനാട്, കല്ലറ എന്നിവിടങ്ങളിലെ യൂണിറ്റുകളാണ് സംഘം പരിശോധിച്ചത്. കല്ലറ ഗ്രാമ പഞ്ചയത്തിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ പ്രവർത്തനക്ഷമമല്ലെന്ന് പരിശോധനയിൽ കണ്ടെത്തി. മാലിന്യം തരംതിരിക്കലും മറ്റ് പ്രവർത്തനങ്ങളും കൃത്യമായി നടക്കാത്തതിനാൽ ശേഖരിച്ച മാലിന്യങ്ങൾ ചാക്കിൽക്കെട്ടിയ അവസ്ഥയിലായിരുന്നു. എം.സി.എഫ് ഉടൻ പ്രവർത്തന സജ്ജമാക്കാൻ കല്ലറ ഗ്രാമപഞ്ചായത്തിന് സ്ക്വാഡ് നിർദേശം നൽകി. നെല്ലനാട് ഗ്രാമപഞ്ചായത്തിലെ തുമ്പൂർമൂഴികളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്നും മറ്റ് പഞ്ചായത്തുകളിലെ മാലിന്യ ശേഖരണ സംസ്കരണ യൂണിറ്റുകളിൽ പരിശോധനകൾ വരും ദിവസങ്ങളിൽ ഉണ്ടാകുമെന്നും എൻഫോഴ്സ്മെന്റ് സ്ക്വാഡ് അറിയിച്ചു.

ജില്ലാ ശുചിത്വ മിഷൻ എൻഫോഴ്സ്മെന്റ് ഓഫീസർ, തദ്ദേശ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ പ്രതിനിധി, പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തുന്നത്.

# പ്രീസീസൺ തയാറെടുപ്പുകൾക്കായി കേരള ബ്ലാസ്റ്റേഴ്സ് യുഎഇയിലേക്ക്




**കൊച്ചി:** പ്രീസീസൺ ഒരുക്കങ്ങളുടെ അവസാന ഘട്ടമായി കേരള ബ്ലാസ്റ്റേഴ്സ് എഫ്സി അടുത്ത മാസം യുഎയിലേക്ക്. സെപ്റ്റംബർ 5 മുതൽ 16 വരെ പതിനൊന്ന് ദിവസം നീണ്ടുനിൽക്കുന്ന പരിശീലന ക്യാമ്പാണ് ബ്ലാസ്റ്റേഴ്സിന് യുഎഇയിലുള്ളത്. യുഎഇ പ്രോലീഗ് ക്ലബ്ബുകളുമായി മൂന്ന് സൗഹൃദ മത്സരങ്ങളും ഈ കാലയളവിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സി കളിക്കും. പുതിയ അന്തരീക്ഷവുമായി ടീം അംഗങ്ങൾക്ക് പൊരുത്തപ്പെടാനും ടീമിന്റെ മികവ് വിലയിരുത്താനും യുഎഇ പര്യടനം അവസരമൊരുക്കും. സെപ്റ്റംബർ 9ന് അൽ വാസൽ എഫ്സിക്കെതിരെയാണ് സബീൽ സ്റ്റേഡിയത്തിൽ കേരള ബ്ലാസ്റ്റേഴ്സിന്റെ ആദ്യ സൗഹൃദ മത്സരം. സെപ്റ്റംബർ 12ന് ഷാർജ ഫുട്ബോൾ സ്റ്റേഡിയത്തിൽ ഷാർജ ഫുട്ബോൾ ക്ലബ്ബിനെയും സെപ്റ്റംബർ 15ന് കഴിഞ്ഞ വർഷത്തെ പ്രോ ലീഗ് ചാംപ്യന്മാരായ അൽ അഹ്ലിയെയും നേരിടും. ഷഹാബ് അൽ അഹ്ലി സ്റ്റേഡിയം അൽ അവിർ ദുബായിലാണ് ബ്ലാസ്റ്റേഴ്സിന്റെ അൽ അഹ്ലിക്കെതിരായ പോരാട്ടം. മിഡിൽ ഈസ്റ്റിലുള്ള വലിയൊരു വിഭാഗം കേരള ബ്ലാസ്റ്റേഴ്സ് ആരാധകരുമായി ബന്ധപ്പെടാനുള്ള അവസരമായും പ്രീസീസൺ ടൂർ മാറും. ആരാധകർക്ക് കേരള ബ്ലാസ്റ്റേഴ്സ് പോരാട്ടം കാണാനുള്ള അവസരം കൂടിയാണിത്. ഫുട്ബോളിന്റെ വളർച്ചയാണ് തങ്ങളുടെ ദീർഘകാല ലക്ഷ്യമെന്നും കേരള ബ്ലാസ്റ്റേഴ്സുമായുള്ള പങ്കാളിത്തം പ്രഖ്യാപിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും എച്ച് 16 സ്പോർട്സ് ചെയർമാൻ ഹസൻ അലി ഇബ്രാഹിം അൽ ബലൂഷി പറഞ്ഞു. 'കേരള ബ്ലാസ്റ്റേഴ്സ് പ്രീസീസണിന് ആതിഥേയത്വം വഹിക്കുന്നതിൽ ഞങ്ങൾ ആവേശഭരിതരാണ്. ഇത് ഇൻഡോഅറബ് ഫുട്ബോളിന്റെ ഒരു പുതിയ അധ്യായം അടയാളപ്പെടുത്തുന്നു. മികച്ച ക്ലബ്ബുകൾ, പരിശീലനം, ആഗോള ആരാധകവൃന്ദം എന്നിവ അതിൽ ഉൾപ്പെടുന്നു. ഹല ബ്ലാസ്റ്റേഴ്സ് 2023ന് ആശംസകളും നേരുന്നു.'ടൈറ്റിൽ സ്പോൺസറായ കൊമാകോ പവറിനോടുള്ള നന്ദിയും, വിലയേറിയ പിന്തുണ നൽകിയ കൊമാകോ ഗ്രൂപ്പിന്റെ ചെയർമാൻ സുപിയൻ അസൈനാറിനും ഗ്രീൻ ഹാർവെസ്റ്റ് ഇൻവെസ്റ്റ്മെന്റ് സിഇഒ ഫൈസൽ പുന്നക്കാടനും ഹൃദയംഗമമായ നന്ദി അറിയിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു.'അദ്ദേഹം കൂട്ടിച്ചേർത്തു'പീസീസണിന്റെ അവസാന ഘട്ടത്തിൽ കളിക്കാർക്കും സ്റ്റാഫിനും മികച്ച തയാറെടുപ്പ് നൽകുന്ന മൂന്ന് ഉയർന്ന തലത്തിലുള്ള മത്സരങ്ങൾക്കായി ഞങ്ങൾ കാത്തിരിക്കുകയാണ്. കഴിഞ്ഞ സീസണിൽ എച്ച്16 സുഗമമാക്കിയ പരിശീലന സൗകര്യങ്ങൾ, ആരാധക പ്രവർത്തനങ്ങൾ എന്നിവ വളരെ മികച്ചതായിരുന്നു. മേഖലയിലെ ഞങ്ങളുടെ ആരാധകരെ അവർ ഇഷ്ടപ്പെടുന്ന ക്ലബിലേക്ക് അടുപ്പിക്കുന്നതിനായി ഈ വർഷം വീണ്ടും അവരോടൊപ്പം പ്രവർത്തിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.' കേരള ബ്ലാസ്റ്റേഴ്സ് എഫ്സി സ്പോട്ടിംഗ് ഡയറക്ടർ കരോളിസ് സ്കിൻകിസ് പറഞ്ഞു. കൊച്ചിയിൽ ഒരു മാസത്തെ പ്രീസീസൺ പരിശീലനം പൂർത്തിയാക്കിയ ബ്ലാസ്റ്റേഴ്സ് നിലവിൽ ഡ്യൂറന്റ് കപ്പിന്റെ 132ാം പതിപ്പിൽ പങ്കെടുക്കാൻ കൊൽക്കത്തയിലാണ്. സെപ്റ്റംബർ അവസാനത്തോടെ ആരംഭിക്കുന്ന ഇന്ത്യൻ സൂപ്പർ ലീഗിനെ മുൻപായുള്ള ഇവാൻ വുകോമനോവിച്ചിനും സംഘത്തിനുമുള്ള അവസാനവട്ട ഒരുക്കമായിരിക്കും യുഎഇ പര്യടനം.

# വരകൾ കൊണ്ട് വിസ്മയം തീർക്കാൻ ഇൻസ്പയർ ആർട്ട് ഗാല

**കൊച്ചി :** വ്യത്യസ്തമായ ഒരു ചിത്ര പ്രദർശനം കണ്ടാലോ? വരകളല്ല, വരച്ചവരാണ് ഇവിടെ വ്യത്യസ്തർ. വരച്ചതത്രയും കൈ തൊടാതെയാണെന്ന് മാത്രം. വായും കാലുമുപയോഗിച്ച് ഭിന്നശേഷിക്കാരാരായ കലാകാരന്മാർ വരച്ച ഒരുപിടി ചിത്രങ്ങളാണ് ഈ ശനിയാഴ്ച കലാസ്വാദകർക്ക് മുൻപിലേക്കെത്തുന്നത്. ഫോർട്ട് കൊച്ചിയിൽ നടക്കുന്ന ഇൻസ്പയർ ആർട്ട് ഗാല എന്ന് പേരിട്ടിട്ടുള്ള പ്രദർശനത്തോടനുബന്ധിച്ച് അഞ്ച് കലാകാരന്മാരുടെ അസാമാന്യ കലാ പ്രകടനം തത്സമയം ആസ്വദിക്കാനും കഴിയും.ഭിന്നശേഷിക്കാർക്കുള്ള രാജ്യാന്തര സംഘടനയായ മൗത്ത് ആൻഡ് ഫൂട്ട് പെയിന്റിംഗ് ആർട്ടിസ്റ്റ്സ് അസോസിയേഷന്റെ (എം.എഫ്.പി.എ) നേതൃത്വത്തിലാണ് പ്രദർശനം നടത്തുന്നത്. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള രാജ്യത്തെ ആദ്യ ആർട്ട് ഗാലറിയായ ഫോർട്ട് കൊച്ചിയിലെ മാ ജോയിലാണ് പ്രദർശനം സംഘടിപ്പിക്കുന്നത് എന്നതും പ്രത്യേകതയാണ്.ആഗസ്റ്റ് 19 ശനിയാഴ്ച വൈകിട്ട് നാല് മുതൽ ആറ് വരെ നടക്കുന്ന പ്രദർശനത്തിൽ ലോകത്തിന്റെ വിവിധ ഭാഗത്ത് നിന്നുള്ള കലാകാരന്മാർ വരച്ച നിരവധി ചിത്രങ്ങൾ ആസ്വദിക്കാനാകും. വൈകല്യം ഒരു കുറവല്ലെന്നും മറ്റാർക്കും ചെയ്യാനാകാത്ത കുറെ കാര്യങ്ങൾ ചെയ്യാനുള്ള പ്രചോദനമാണെന്നും വ്യക്തമാക്കുന്നതാണ് ഇവയെല്ലാം. ഇഷ്ടപ്പെട്ട ചിത്രങ്ങൾ വാങ്ങാനുള്ള സൗകര്യവും ഇൻസ്പയർ ആർട്ട് ഗാലയിൽ ഒരുക്കിയിട്ടുണ്ട്. ഇതിന് പുറമേ ഫാഷനും കലയും സംയോജിപ്പിച്ചുള്ള എം.എഫ്.പി.എ ബ്രാന്റായ ഡുഎയുടെ ഉൽപ്പന്നങ്ങൾ കാണാനും വാങ്ങാനും അവസരമുണ്ടാകും.ഭിന്നശേഷിക്കാരായ കലാകാരന്മാരുടെ കഴിവുകൾ പരിപോഷിപ്പിക്കുക, അതിനെ ഉപജീവന മാർഗമാക്കി മാറ്റാനുള്ള സഹായം ചെയ്യുക എന്നിവയാണ് 67 വർഷത്തെ ചരിത്രമുള്ള എം.എഫ്.പി.എയുടെ ഉദ്ദേശ്യലക്ഷ്യം.വിവിധ രാജ്യങ്ങളിൽ നിന്നായി 750ലധികം പേരാണ് എം.എഫ്.പി.എക്ക് കീഴിൽ അണിനിരക്കുന്നത്. ഇതിൽ 36 പേർ ഇന്ത്യയിൽ നിന്നും 10 പേർ കേരളത്തിൽ നിന്നുമാണ്.ഒരുപാട് പരിമിതികൾക്കിടയിൽ നിന്നാണ് ഓരോ കലാസൃഷ്ടിയും പിറക്കുന്നതെന്നും ജീവിതത്തിൽ നേരിട്ടിട്ടുള്ള അവഗണനകളുടെയും വെല്ലുവിളികളുടെയും അംശങ്ങൾ അടങ്ങിയിട്ടുള്ളതിനാൽ അവയെല്ലാം മാസ്റ്റർ പീസുകളാണെന്ന് എം.എഫ്.പി.എ ഇന്ത്യ മാർക്കറ്റിംഗ് ഹെഡ് ബോബി തോമസ് വ്യക്തമാക്കി.

mfpa
MOUTH & FOOT PAINTING ARTISTS

# ഇൻഫോപാർക്കിൽ വിപുലമായ സ്വാതന്ത്ര്യദിനാഘോഷം



**കൊച്ചി: :** ഇന്ത്യയുടെ 77ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ഇൻഫോപാർക്കിൽ വിപുലമായ ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. കൊച്ചി ഇൻഫോപാർക്കിൽ നടന്ന പരിപാടിയിൽ ഇൻഫോപാർക്ക് സി.ഇ.ഒ സുശാന്ത് കുറുന്തിൽ പതാക ഉയർത്തി. ഇന്ത്യയുടെ 77ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ വേളയിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി പൊരുതിയ മുൻഗാമികളെ അനുസ്മരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ലോകരാജ്യങ്ങൾക്കിടയിൽ മഹാശക്തിയാകാനുള്ള കുതിപ്പിലാണ് ഇന്ത്യ. അഞ്ചാമത്തെ സാമ്പത്തിക ശക്തിയുള്ള രാജ്യമാണ് ഇന്ന് നമ്മുടേത്. ഐ.ടി മേഖലയ്ക്ക് രാജ്യത്തിന്റെ സാമ്പത്തിക കുതിപ്പിൽ കാര്യമായ സംഭാവന നൽകാനായിട്ടു്. കേരളത്തിലെ ഐ.ടി രംഗത്തിന് ഇതിൽ കൃത്യമായ പങ്ക്. പുതിയ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളുമൊരുക്കി സംസ്ഥാനവും രാജ്യത്തിന്റെ കുതിപ്പിന് ആക്കം കൂട്ടുകയാണെന്നും അദ്ദേഹം പറഞ്ഞു. കേരളാ പോലീസ് എസ്.ഐ.എസ്.എഫ് ഉദ്യോഗസ്ഥർ, ഇൻഫോപാർക്ക് പാർക്ക് സെന്റർ ജീവനക്കാർ, ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ടീം തുടങ്ങിയവർ പങ്കെടുത്തു. മികച്ച സേവനം നൽകിയ ഒൻപത് എസ്.ഐ.എസ്.എഫ് ഉദ്യോഗസ്ഥരെ ചടങ്ങിൽ ആദരിച്ചു. ഐ.ടി ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രതിധ്വനിയുടെ നേതൃത്വത്തിൽ കാർണിവൽ ഇൻഫോപാർക്ക് ക്യാംപസ് മെയിൻ ഗേറ്റ് മുതൽ ഇൻഫോപാർക്ക് ഫെയ്സ് വണ്ണിലെ സെന്റർ സർക്കിൾ വരെ മിഡ്നൈറ്റ് ഫ്രീഡം വാക്ക് നടത്തി. ഐ.ടി ജീവനക്കാരും കുടുംബാംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു. പരിപാടിയിൽ ദേശഭക്തിഗാനം, പ്രതിജ്ഞ, ഭരണഘടനയുടെ ആമുഖം എന്നിവ ടെക്കികൾ ഏറ്റുചൊല്ലി. പ്രതീകാത്മകമായി 76 ത്രിവർണ ബലൂണുകൾ പറത്തുകയും 76 മെഴുകുതിരികൾ തെളിയിക്കുകയും ചെയ്തു.ചേർത്തല ഇൻഫോപാർക്കിൽ നടന്ന ചടങ്ങിൽ കേരളാ ഐ.ടി പാർക്ക്സ് ചീഫ് മാർക്കറ്റിങ്ങ് ഓഫീസർ മഞ്ജിത്ത് ചെറിയാൻ പതാക ഉയർത്തി. സെക്യൂരിറ്റി ഉദ്യോഗസ്ഥർ, ഓപ്പറേഷൻസ് ആൻഡ് മെയിന്റനൻസ് ജീവനക്കാർ, ഐ.ടി ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.തൃശൂർ ഇൻഫോപാർക്കിൽ ഇന്ദീവരം ബിൽഡിങ്ങിന് സമീപം നടന്ന ചടങ്ങിൽ തൃശൂർ ഇൻഫോപാർക്ക് സൈറ്റ് അസിസ്റ്റന്റ് ആൽവിൻ ബാബു പതാക ഉയർത്തി. കേരളാ പോലീസ് എസ്.ഐ.എസ്.എഫ് ഉദ്യോഗസ്ഥർ, ഇൻഫോപാർക്ക് പാർക്ക് സെന്റർ ജീവനക്കാർ, ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ടീം തുടങ്ങിയവർ പങ്കെടുത്തു.

# ചാവറയിൽ ദേശീയഗാനം, ദേശഭക്തിഗാനം മത്സരങ്ങൾ സംഘടിപ്പിച്ചു

**കൊച്ചി :** സ്വാതന്ത്രദിനത്തോടനുബന്ധിച്ച് ചാവറ കൾച്ചറൽ സെന്റർ, എൽ. പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി ദേശീയഗാനം ദേശഭക്തിഗാനം മത്സരങ്ങൾ സംഘടിപ്പിച്ചു. എറണാകുളം ജില്ലയിലെ 32 സ്കൂളുകൾ മത്സരത്തിൽ പങ്കെടുത്തു. ദേശീയഗാനം മത്സരത്തിൽ എൽ .പി.വിഭാഗം ശ്രീ സായി വിദ്യാവിഹാർ ആലുവ, സെന്റ് മേരീസ് സി.ജി. എൽ.പി.സ്കൂൾ എറണാകുളം, യു.പി. വിഭാഗത്തിൽ സെന്റ് ഡൊമിനികസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ടോക് എച്ച് പബ്ലിക്ക് സ്കൂൾ, ഹൈസ്കൂൾ വിഭാഗത്തിൽ സെന്റ് തേരേസാസ് സി.ജി.എച്ച്.ഹൈസ്കൂൾ, സെന്റ് ആന്റണീസ് ഹൈസ്കൂൾ കച്ചേരിപ്പടി, ഹയർ സെക്കന്ററി വിഭാഗത്തിൽ സെന്റ് മേരീസ് സി.ജി എച്ച്എസ്എസ് എറണാകുളം, എസ്.ആർ.വി. എച്ച് എസ്.എസ്., എന്നിവർ ഒന്നും രും വിജയങ്ങളായി. ദേശഭക്തിഗാന മത്സരത്തിൽ എൽ .പി. വിഭാഗം ഭവൻസ് വിദ്യാമന്ദിർ, എരൂർ, ശ്രീ സായി വിദ്യാവിഹാർ ആലുവ, യു.പി. വിഭാഗം സെന്റ് ഡൊമനിക്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഭവൻസ് ന്യൂസ് പ്രിന്റ് വിദ്യാലയ വെള്ളൂർ, ഹൈസ്കൂൾ വിഭാഗത്തിൽ അൽഅമീൻ പബ്ലിക് സ്കൂൾ, സെന്റ് ആന്റണീസ് ഹൈസ്കൂൾ കച്ചേരിപ്പടി, ഹയർ സെക്കൻഡറി വിഭാഗത്തിൽ സെൻമേരിസ് സി ജി എച്ച് എസ് എസ്, ഭവൻസ് വിദ്യാമന്ദിർ, എന്നിവർ ഒന്നും രും വിജയികളായി. എറണാകുളം എം.എൽ.എ.ടി.ജെ. വിനോദ് സ്വാതന്ത്ര്യ ദിന സന്ദേശം നൽകി. ഫാ. മാത്യു കിരിയാന്തൻ സി.എം.ഐ., ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ.,കെ.വി.പി കൃഷ്ണകുമാർ എന്നിവർ പ്രസംഗിച്ചു. ഹൈസ്കൂൾ ഹയർസെക്കൻഡറി വിഭാഗത്തിൽ വിജയികളായവർക്ക് എറണാകുളം എംഎൽഎ ടി.ജെ. വിനോദ് സമ്മാനങ്ങൾ നൽകി. യു.പി. വിഭാഗത്തിൽ മാത്യു കിരിയാന്തൻ, എൽ.പി വിഭാഗത്തിൽ കെ വി പി കൃഷ്ണകുമാർ എന്നിവർ സമ്മാനങ്ങൾ നൽകി.

# കെഎസ് യുഎം വനിതാ ഉച്ചകോടി അഞ്ചാം ലക്കം സപ്തംബറിൽ

**കൊച്ചി:** രാജ്യത്തെ വനിതാ സംരംഭകരുടെ ഏറ്റവും വലിയ കൂട്ടായ്മയായ കേരള സ്റ്റാർട്ടപ്പ് മിഷന്റെ വിമൻ സ്റ്റാർട്ടപ്പ് സമ്മിറ്റ് സപ്തംബറിൽ നടക്കും. കളമശ്ശേരിയിലെ ടെക്നോളജി ഇന്നോവേഷൻ സോണിൽ സപ്തംബർ 29 നാണ് പരിപാടി. ആഗോളതലത്തിലുള്ള വനിതാ സംരംഭകർക്ക് പുറമെ, വ്യവസായ പ്രമുഖർ, ഇനോവേറ്റർമാർ എന്നിവരും ഇതിൽ പങ്കെടുക്കും.വനിതാ സംരംഭകർ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയ്ക്ക് നൽകുന്ന ദിശാബോധം, ആശയത്തിൽ നിന്ന് മാതൃകയിലേക്ക്, മികച്ച സ്റ്റാർട്ടപ്പ് അടിത്തറ, വളർച്ചയുടെ ആസൂത്രണവും വെല്ലുവിളികളും, സംരംഭകത്വത്തിന്റെ ഭാവി, വ്യാവസായ പങ്കാളിത്തം തുടങ്ങിയ വിഷയങ്ങളിലാണ് വിശദമായ ചർച്ചകൾ നടക്കുന്നത്.ആശയങ്ങളും അനുഭവങ്ങളും പങ്ക് വയ്ക്കുക, വ്യാവസായിക ലോകവുമായി അടുത്ത് സംവദിക്കുക എന്നിവയാണ് വനിതാ ഉച്ചകോടിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. പാനൽ ചർച്ചകൾ, പരിശീലനകളരികൾ, ആശയസംവാദം, മികച്ച ബിസിനസ് സാധ്യതകൾ നൽകുന്ന ആശയങ്ങൾ എന്നിവയാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത്. ആഗോളതലത്തിലെ വിദഗ്ധർ ഓരോ വിഷയത്തിലും സംസാരിക്കും.സംരംഭകർ, വിദ്യാർത്ഥികൾ, ഇനോവേറ്റർമാർ എന്നിവർക്ക് ഉച്ചകോടിയിൽ പ്രത്യേകമായി രജിസ്റ്റർ ചെയ്യാവുന്നതാണ്. നിശ്ചിത സമയത്തേക്ക് മാത്രമാണ് ഈ വിഭാഗത്തിലെ രജിസ്ട്രേഷൻ ഉായിരിക്കുകയുള്ളൂ. https://womenstartupsummit.com എന്ന വെബ്സൈറ്റിലൂടെ അപേക്ഷകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് 80 47 18 04 70 എന്ന നമ്പറിലോ https://startupmission.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാം.

# ഫെഡറൽ ബാങ്ക് ജീവനക്കാർ ഫ്രീഡം റൈഡ് സംഘടിപ്പിച്ചു



**കൊച്ചി:** കാർബൺ മലിനീകരണം സൃഷ്ടിക്കുന്ന ഫോസിൽ ഇന്ധനങ്ങളെ കൂടുതലായി ആശ്രയിക്കുന്നത് അവസാനിപ്പിക്കുക, ആരോഗ്യകരമായ ജീവിതശൈലി പതിവാക്കുക, കൂട്ടായ്മയെ പ്രോത്സാഹിപ്പിക്കുക എന്നീ സന്ദേശങ്ങളുയർത്തി ഫെഡറൽ ബാങ്ക് ജീവനക്കാർ ഫ്രീഡം റൈഡ് സൈക്കിൾ റാലി സംഘടിപ്പിച്ചു. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ബാങ്ക് തുടക്കമിട്ട എൻഡ് ഡിപൻഡൻസ് (ആശ്രിതത്വം അവസാനിപ്പിക്കുക) എന്ന പുതിയ പ്രചാരണത്തിന്റെ ഭാഗമായിരുന്നു ഈ സൈക്കിൾ റാലി. ബാങ്കിന്റെ പാരിസ്ഥിതിക, സാമൂഹിക, ഭരണനിർവഹണ (ഇഎസ്ജി) പ്രതിജ്ഞാബദ്ധതയ്ക്ക് അനുസൃതമായാണ് വേറിട്ട സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിച്ചത്.ബാങ്കിന്റെ കംപ്ലയൻസ്, എഎംഎൽ വിഭാഗങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വേറിട്ട പരിപാടി ബാങ്കിന്റെ ചീഫ് കംപ്ലയൻസ് ഓഫീസർ സുനിൽ കുമാർ കെ എന്നിന്റെ നേതൃത്വത്തിൽ അമ്പാട്ടുകാവ് മെട്രോ സ്റ്റേഷൻ പരിസരത്തു നിന്ന് ആരംഭിച്ച് ഫെഡറൽ ബാങ്ക് ആസ്ഥാനത്ത് സമാപിച്ചു. ശേഷം പതാക ഉയർത്തി. ബാങ്കിന്റെ എംഡിയും സിഇഒയുമായ ശ്യാം ശ്രീനിവാസൻ അഭിനന്ദിക്കുകയുമായി. വൈസ് പ്രസിഡന്റും ഇഎസ്ജി ഹെഡുമായ അജിത് കുമാർ എ, സിഎസ്ഡി ഹെഡ് ഹേമ ശിവദാസൻ, സിഎസ്ഡി അംഗങ്ങൾ എന്നിവർ ചേർന്ന് സൈക്കിൾ റാലിയിൽ പങ്കെടുത്തവരെ സ്വീകരിച്ചു.

# ഓണ ഓഫറുകളുമായി സോണി ഇന്ത്യ

**കൊച്ചി:** ഓണക്കാലത്ത് ഉപഭോക്താക്കൾക്കായി സോണി ഇന്ത്യ എക്സ്ക്ലൂസീവ് ഉത്സവ ഓഫറുകൾ പ്രഖ്യാപിച്ചു. ബ്രാവിയ എക്സ്ആർ ടിവികൾ, ഹോം തിയറ്റർ സിസ്റ്റംസ്, ഹൈ ക്വാളിറ്റി ഹെഡ്ഫോൺസ്, പാർട്ടി സ്പീക്കേഴ്സ് എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന എല്ലാ ലൈഫ്സ്റ്റൈൽ ഉൽപ്പന്നങ്ങൾ വാങ്ങുമ്പോഴും ഉപഭോക്താക്കൾക്ക് ഇളവുകൾ ലഭിക്കും. 2023 സെപ്റ്റംബർ 5 വരെയാണ് ഈ ഉത്സവകാല ഓഫറുകൾ.തങ്ങളുടെ ഉപഭോക്താക്കളുടെ ജീവിതത്തിൽ ആനന്ദവും സന്തോഷവും കൊവരാൻ സോണി ഇന്ത്യ പ്രതിജ്ഞാബദ്ധരാണെന്ന് സോണി ഇന്ത്യ കൊച്ചി ബ്രാഞ്ച് ഹെഡ് അനീഷ് നായർ പറഞ്ഞു.തിരഞ്ഞെടുത്ത ഫിനാൻസ് പങ്കാളികളുമായി പ്രോസസിങ് ഫീസില്ലാത്തെ എളുപ്പത്തിലുള്ള ഇഎംഐ സ്കീമുകളും ഉപഭോക്താക്കൾക്ക് നേടാനാവും. കേരളത്തിലെ എല്ലാ പ്രധാന ടച്ച് പോയിന്റുകളിലും 475ലധികം റീട്ടെയിൽ കൗണ്ടറുകൾ സോണി ഇന്ത്യക്ക്. ഉപഭോക്താക്കളെ സഹായിക്കാൻ 200ലധികം സർവീസ് ടെക്നീഷ്യൻമാരും, സ്റ്റാഫ് അംഗങ്ങളും അടങ്ങുന്ന പ്രൊഫഷണൽ ടീമിന്റെ പിന്തുണയോടെ ശക്തമായ സർവീസ് കേന്ദ്രങ്ങളും സോണി ഇന്ത്യക്ക്.

# സർഫിങ് ഫെഡറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിക്കാൻ ജാവ യെസ്ഡി മോട്ടോർസൈക്കിൾസ്

**കൊച്ചി:** ജാവ യെസ്ഡി മോട്ടോർസൈക്കിൾസ്, സർഫിങ് കായിക വിനോദത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സർഫിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ (എസ്എഫ്ഐ)യുമായി വീും സഹകരിക്കുന്നു. ഓഗസ്റ്റ് 14 മുതൽ 20 വരെ വേൾഡ് സർഫിങ് ലീഗോടെ സമാപിക്കുന്ന ഈ വർഷത്തെ പ്രൊഫഷണൽ സർഫിങ് കലറിന്റെ അഞ്ച് റൗുകളുടെയും പ്രധാന പങ്കാളികളിൽ ഒരാളാണ് ജാവ യെസ്ഡി മോട്ടോർസൈക്കിൾസ്. ഇന്ത്യയുടെ ആദ്യ അന്താരാഷ്ട്ര സർഫിങ് ഇവന്റായ ഇന്റർനാഷണൽ സർഫ് ഓപ്പണിൽ 12 രാജ്യങ്ങളിൽ നിന്നുള്ള 53 അന്താരാഷ്ട്ര സർഫർമാരും, ഇന്ത്യയിലെ ഏറ്റവും മികച്ച 15 പുരുഷവനിത സർഫർമാരും പങ്കെടുക്കുന്നു. ദേശീയ ചാമ്പ്യൻഷിപ്പിനായി ചെന്നൈയിലെ കോവളം ബീച്ചിൽ സംഘടിപ്പിച്ച കോവ്ലോങ് സർഫ് ഫെസ്റ്റിവലുമായി ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് പങ്കാളികളായി. 2023 ഓഗസ്റ്റ് 12,13 തീയതികളിൽ നടന്ന ഫെസ്റ്റിവലിൽ ര് ദിവസങ്ങളിലായി 15,000ത്തിലധികം പേർ പങ്കെടുത്തു.കഴിഞ്ഞ വർഷം ദേശീയ സർഫിങ് ചാമ്പ്യനായ ചെന്നൈയിൽ നിന്നുള്ള അജീഷ് അലിക്ക് പ്രത്യേകം രൂപകൽപ്പന ചെയ്ത യെസ്ഡി സ്ക്രാമ്പ്ലർ സമ്മാനിച്ചിരുന്നു. ഈ വർഷത്തെ ദേശീയ ചാമ്പ്യൻമാരായ ശ്രീകാന്ത് ഡി, സുഗർ ശാന്തി ബനാരസി എന്നിവർക്ക് യഥാക്രമം ഒരു യെസ്ഡി സ്ക്രാമ്പ്ലറും, പുതിയ ജാവ 42 കോസ്മിക് കാർബണും സമ്മാനിച്ചു. തമിഴ്നാട് യുവജനക്ഷേമ കായിക വികസന മന്ത്രി ഉദയനിധി സ്റ്റാലിൻ, സർഫിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ അംബാസഡറും ക്രിക്കറ്റ് ഇതിഹാസവുമായ



ജോൺടി റോഡ്സ് എന്നിവരാണ് ചാമ്പ്യന്മാർക്ക് മോട്ടോർസൈക്കിളുകൾ സമ്മാനിച്ചത്.സർഫ്, മോട്ടോർസൈക്ലിങ്, സംഗീതം, ഫിറ്റ്നസ് എന്നീ നാല് ആവേശകരമായ ഘടകങ്ങൾ സമന്വയിപ്പിക്കുന്നതായിരുന്നു കോവ്ലോങ് ക്ലാസിക് 23 ഫെസ്റ്റിവലെന്ന് ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് സിഇഒ ആശിഷ് സിങ് ജോഷി അഭിപ്രായപ്പെട്ടു. സർഫർമാർക്കും മോട്ടോർസൈക്കിൾ റൈഡർമാർക്കും അസാധാരണമായ ഒരു പ്ലാറ്റ്ഫോം നൽകിയതിൽ ഞങ്ങൾക്ക് അഭിമാനമു്. സർഫിങ് ഫെഡറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# അന്താരാഷ്ട്ര വിപണിയിൽ ഗ്ലോബൽ പിക് അപ്പ് അവതരിപ്പിച്ച് മഹീന്ദ്ര



**കൊച്ചി:** കോംപാക്റ്റ്, മിഡ്സൈസ് പിക്കപ്പുകളിൽ ലോക മുൻനിരക്കാരായ മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ്, ലോക വിപണി ലക്ഷ്യമിട്ട് പുതിയ ഗ്ലോബൽ പിക്ക് അപ്പ് പ്രദർശിപ്പിച്ചു. ദക്ഷിണാഫ്രിക്കയിലെ കേപ്ടൗണിൽ നടന്ന ബ്രാൻഡിന്റെ ഫ്യൂച്ചർസ്കേപ്പ് പരിപാടിയിലാണ് പുതിയ ഗ്ലോബൽ പിക്ക് അപ്പ് അവതരിപ്പിച്ചത്. ടഫ് ആന്റ് വെർസറ്റൈൽ ന്യൂ ജെൻ ലാഡർ ഫ്രെയിം പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കി, പ്രകടനം, സുരക്ഷ, യൂട്ടിലിറ്റി, കരുത്തുറ്റ ശേഷി എന്നിവ നൽകുന്നതിനായാണ് ഗ്ലോബൽ പിക്ക് അപ്പ് രൂപകൽപന ചെയ്തിരിക്കുന്നത്. സാങ്കേതികവിദ്യയുടെയും സുരക്ഷയുടെയും സമകാലിക മാനദണ്ഡങ്ങൾ പാലിച്ച് ദൃഢത, വൈദഗ്ധ്യം, ശേഷി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് രൂപകൽപന ചെയ്യുന്ന ഗ്ലോബൽ പിക്ക് അപ്പ്, വിപണിയിലെ ഏറ്റവും വൈവിധ്യമാർന്നതും മികച്ച പ്രകടനം നൽകുന്നതുമായ പിക്കപ്പുകളിൽ ഒന്നായിരിക്കുമെന്നും വാഗ്ദാനം ചെയ്യുന്നു. ആധികാരികമായ ഒരു ലൈഫ് സ്റ്റൈൽ പിക്കപ്പിനെക്കുറിച്ചുള്ള മഹീന്ദ്രയുടെ വ്യാഖ്യാനത്തെ പ്രതിഫലിപ്പിക്കുന്നതാണ്, മഹീന്ദ്ര ഇന്ത്യ ഡിസൈൻ സ്റ്റുഡിയോയിൽ (എംഐഡിഎസ്) രൂപകൽപ്പന ചെയ്തിരിക്കുന്ന പിക്ക് അപ്പ് ആശയം. സുരക്ഷക്ക് പ്രാധാന്യം നൽകുന്ന നിരവധി ഫീച്ചറുകൾ ഗ്ലോബൽ പിക്ക് അപ്പിൽ ഉൾപ്പെടുത്തിയിട്ടു്. ലെവൽ2 എഡിഎഎസ്, ട്രെയിലർ സർവേ മിറ്റിഗേഷൻ, ഓൾ എറൗ് എയർബാഗ് പ്രൊട്ടക്ഷൻ, ഡ്രൗസി ഡ്രൈവർ ഡിറ്റെക്ഷൻ, 5ജി കണക്റ്റിവിറ്റി തുടങ്ങിയവയാണ് ഇതിൽ പ്രധാനം.ദൈനംദിന യാത്രകൾ മുതൽ സാഹസിക യാത്രകൾ വരെ പൊരുത്തപ്പെടുന്ന തരത്തിൽ, ഡ്രൈവ് മോഡുകൾ, ഓഡിയോ എക്സ്പീരിയൻസ്, സെമിഓട്ടോമാറ്റിക് പാർക്കിങ്, സൺറൂഫ് തുടങ്ങി ഫീച്ചറുകളും ഗ്ലോബൽ പിക്ക് അപ്പിൽ ഉൾപ്പെടുത്തിയിട്ടു്. കൂടുതൽ മികച്ച യാത്രാ അനുഭവം ഇത് ഉറപ്പാക്കും.മഹീന്ദ്രയുടെ ഗോഗ്ലോബൽ സ്ട്രാറ്റജിയിലെ ഒരു സുപ്രധാന ചുവടുവെപ്പാണ് പുതിയ ഗ്ലോബൽ പിക്ക് അപ്പ് അടയാളപ്പെടുത്തുന്നതെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഓട്ടോമോട്ടീവ് സെക്ടർ പ്രസിഡന്റ് വീജയ് നക്ര പറഞ്ഞു.

# മഹീന്ദ്ര ഓജ പുറത്തിറക്കി



**കൊച്ചി:** ലോകത്തിലെ ഏറ്റവും വലിയ ട്രാക്ടർ നിർമ്മാതാക്കളായ മഹീന്ദ്ര ഗ്രൂപ്പിന്റെ ഭാഗമായ മഹീന്ദ്ര ട്രാക്ടറുകൾ ഫ്യൂച്ചർറെഡി ട്രാക്ടറുകളുടെ ശ്രേണിയായ മഹീന്ദ്ര ഓജ പുറത്തിറക്കി. ദക്ഷിണാഫ്രിക്കയിലെ കേപ്ടൗണിൽ നടന്ന ഫ്യൂച്ചർസ്കേപ്പിൽ എന്ന പരിപാടിയിലാണ് ഇത് പുറത്തിറക്കിയത്.ജപ്പാനിലെ മിത്സുബിഷി മഹീന്ദ്ര അഗ്രികൾച്ചർ മെഷിനറിയുമായി സഹകരിച്ച് വികസിപ്പിച്ച ഗ്ലോബൽ ലൈറ്റ് വെയ്റ്റ് 4ഡബ്ല്യുഡി ട്രാക്ടറുകളുടെ മഹീന്ദ്രയുടെ ഫ്യൂച്ചർ റെഡി ശ്രേണിയാണ് ഓജ. മൂന്ന് ടെക്നോളജി പായ്ക്കുകളായ മയോജ (ഇൻറലിജൻസ് പായ്ക്ക്), പ്രൊജ (പ്രൊഡക്ടിവിറ്റി പായ്ക്ക്), റോബോജ (ഓട്ടോമേഷൻ പായ്ക്ക്) അടിസ്ഥാനമാക്കിയുള്ള ഫസ്റ്റ്ഇൻകാറ്റഗറി ടെക്നോളജി ഫീച്ചറുകളുമായാണ് 7 മോഡലുകൾ ഇന്ത്യയ്ക്കായി പുറത്തിറക്കി.ഊർജ്ജത്തിൻറെ കേന്ദ്രം എന്ന അർത്ഥം വരുന്ന 'ഓജസ്' എന്ന സംസ്കൃത പദത്തിൽ നിന്നാണ് മഹീന്ദ്രയുടെ ഏറ്റവും വലിയ ആഗോള ലൈറ്റ്വെയ്റ്റ് ട്രാക്ടർ പ്ലാറ്റ്ഫോമിന് ഓജ എന്ന പേര് വന്നത്. ഇന്ത്യയിലെ മഹീന്ദ്ര റിസർച്ച് വാലിയിലെ എൻജിനീയറിങ് ടീമുകൾ, മഹീന്ദ്ര എഎഫ്എസിൻറെ ഗവേഷണ വികസന കേന്ദ്രം, ജപ്പാനിലെ മിത്സുബിഷി മഹീന്ദ്ര അഗ്രികൾച്ചർ മെഷിനറി എന്നിവ സഹകരിച്ച് 1200 കോടി രൂപ മുതൽ മുടക്കിൽ വികസിപ്പിച്ചെടുത്തതാണിത്. സബ് കോംപാക്റ്റ്, കോംപാക്റ്റ്, സ്മോൾ യൂട്ടിലിറ്റി പ്ലാറ്റ്ഫോമുകൾ എന്നിവയിലെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റാനായി കേപ് ടൗണിൽ മഹീന്ദ്ര 3 ഓജ പ്ലാറ്റ്ഫോമുകളിൽ പുതിയ ട്രാക്ടറുകൾ അവതരിപ്പിച്ചു. 4ഡബ്ല്യുഡി സ്റ്റാൻഡേർഡിൽ മഹീന്ദ്ര ഇന്ത്യൻ വിപണിയ്ക്കായി കോംപാക്റ്റ്, സ്മോൾ യൂട്ടിലിറ്റി പ്ലാറ്റ്ഫോമുകളിൽ 7 പുതിയ ട്രാക്ടർ മോഡലുകൾ പുറത്തിറക്കി. വൈവിധ്യമാർന്ന കാർഷിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 20 എച്ച്പി 40 എച്ച്പി (14.91 കിലോവാട്ട് 29.82 കിലോവാട്ട്) ശ്രേണിയിലാണ് ഈ മോഡലുകൾ.ഓജ ശ്രേണി പിന്നീട് വടക്കേ അമേരിക്ക, ആസിയാൻ, ബ്രസീൽ, ഓസ്ട്രേലിയ, ദക്ഷിണാഫ്രിക്ക, യൂറോപ്പ്, സാർക്ക് മേഖല എന്നിവിടങ്ങളിൽ അവതരിപ്പിക്കും. 2024ൽ തായ്ലൻഡിൽ ആരംഭിച്ച് ആസിയാൻ മേഖലയിലും മഹീന്ദ്രയുടെ അരങ്ങേറ്റം കുറിക്കും.പുരോഗമനചിന്താഗതിയുള്ള കർഷകരെ ലക്ഷ്യം വച്ചുള്ള ലൈറ്റ് വെയ്റ്റ് ട്രാക്ടറുകളുടെ പുതിയ ഓജ ശ്രേണിയ്ക്ക് മികച്ച കരുത്താണെന്ന് മഹീന്ദ്ര ആൻ്റ് മഹീന്ദ്ര ഫാം എക്യുപ്മെൻറ് സെക്ടർ പ്രസിഡൻറ് ഹേമന്ത് സിക്ക പറഞ്ഞു.നവീകരണവും സാങ്കേതികവിദ്യയും ഉൾക്കൊള്ളുന്ന ഓജ ട്രാക്ടറുകൾ യൂറോപ്പ്, ആസിയാൻ തുടങ്ങിയ മേഖലകളിൽ അവതരിപ്പിക്കുമ്പോൾ ആഗോള ട്രാക്ടർ വ്യവസായത്തിൻറെ 25 ശതമാനം ആവശ്യങ്ങൾ നിറവേറ്റാൻ മഹീന്ദ്രയെ പ്രാപ്തരാക്കും. നൂതനമായ സാങ്കേതികവിദ്യകളിൽ എത്തുന്ന 7 ലൈറ്റ്വെയ്റ്റ് 4ഡബ്ല്യുഡി ട്രാക്ടറുകൾ ലൈറ്റ് വെയ്റ്റ് 4ഡബ്ല്യുഡി ഓജ ട്രാക്ടറുകളാണ് (21 40 എച്ച്പി) ഇന്ത്യയിൽ അവതരിപ്പിക്കുന്നത്. ലോകമെമ്പാടുമുള്ള കൃഷിയിൽ വിപ്ലവം സൃഷ്ടിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയുടെ ഭാഗമാണിതെന്നും ഹേമന്ത് സിക്ക പറഞ്ഞു.ഓജ ട്രാക്ടർ ശ്രേണി ഇന്ത്യൻ കാർഷികമേഖലയിൽ മികച്ച മാറ്റം കൊണ്ടുവരുമെന്ന് മഹീന്ദ്ര ആൻ്റ് മഹീന്ദ്ര ലിമിറ്റഡിൻറെ ഫാം ഡിവിഷൻ സിഇഒ വിക്രം വാഗ് പറഞ്ഞു.ഇന്ത്യയിലെ ഏറ്റവും വലുതും നൂതനവുമായ ട്രാക്ടർ നിർമ്മാണ പ്ലാൻറുകളിലൊന്നായ തെലങ്കാനയിലെ സഹീറാബാദിലുള്ള മഹീന്ദ്രയുടെ അത്യാധുനിക ട്രാക്ടർ നിർമ്മാണ പ്ലാൻറുകളിലാണ് മഹീന്ദ്ര ഓജ ട്രാക്ടർ ശ്രേണി നിർമ്മിക്കുന്നത്.ഓജ 2127ന് 5,64,500 രൂപ, ഓജ 3140ന് 7,35,000 രൂപ എന്നിങ്ങനെയാണ് വില (പൂനെ

# ഓണത്തിന് ആകർഷകമായ ഓഫറുകളുമായി ടിസിഎൽ

**കൊച്ചി:** ആഗസ്റ്റ് 1 മുതൽ സെപ്തംബർ 30 വരെയുള്ള ഓണം കാമ്പെയ്നിന്റെ ഭാഗമായി ആഗോള ടിവി വ്യവസായത്തിലെ പ്രബലരായ ടിസിഎൽ കേരളത്തിലെ ഉപഭോക്താക്കൾക്കായി ആകർഷകമായ ഡീലുകൾ പ്രഖ്യാപിച്ചു. പ്രീമിയം മിനി/4കെ/ക്യുഎൽഇഡി ടിവികൾ മിതമായ നിരക്കിൽ വാങ്ങാനും 10,000 രൂപ വരെ ഉറപ്പായ തുകയുടെ സ്ക്രാച്ച് കാർഡുകൾ സ്വീകരിക്കാനുമുള്ള ആകർഷകമായ അവസരമാണ് ഈ കാമ്പെയ്ൻ മൂലം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതെന്ന് ടിസിഎൽ ഇന്ത്യയുടെ സിഇഒ Philip Xia പറഞ്ഞു.നൂതന സാങ്കേതിക മികവും ഏറ്റവും പുതിയ സവിശേഷതകളും സാങ്കേതികവിദ്യകളും ഡിസൈനുകളും ഉള്ള ടിസിഎൽ മിനി/4കെ/ക്യുഎൽഇഡി ടിവികൾ വാങ്ങുന്നവർക്ക് 100/250/500/1000/5000 രൂപ മുതൽ 9,999 രൂപ വരെ ലഭിക്കുന്ന ഒരു സ്ക്രാച്ച് കാർഡ് ലഭിക്കും. ടിസിഎല്ലിന്റെ ഓഫ്ലൈൻ ബ്രാൻഡ് ഉൾപ്പെടെയുള്ള സെയിൽസ് ചാനലുകളിലും സംസ്ഥാനത്തുടനീളമുള്ള എല്ലാ ഡീലർഷിപ്പ് സ്റ്റോറുകളിലും ഈ പ്രത്യേക ഓണം വിൽപ്പന ഉായിരിക്കുന്നതാണ്. ഐസിഐസിഐ, എസ്ബിഐ, എച്ച്ഡിഎഫ്സി, ആക്സിസ് ബാങ്ക് ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകളിൽ ഓണത്തിന്റെ പ്രത്യേക അവസരത്തിൽ ഈ ആവേശകരമായ ഡീൽ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## ഇന്ത്യയുടെ അയർലൻഡ് പര്യടനം: ടൈറ്റിൽ സ്പോൺസറായി ജോയ് ഇബൈക്ക്

**കൊച്ചി:** ജോയ് ഇബൈക്ക് ബ്രാൻഡിന് കീഴിലുള്ള ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് വാഹന നിർമാതാക്കളായ വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ് ഇന്ത്യൻ ടീമിന്റെ 2023ലെ അയർലൻഡ് പര്യടനത്തിന്റെ ടൈറ്റിൽ സ്പോൺസർ ആവുമെന്ന് പ്രഖ്യാപിച്ചു. ജോയ് ഇബൈക്ക് കപ്പ് എന്ന പേരിലായിരിക്കും ടൂർണമെന്റ് അറിയപ്പെടുക. ജോയ് ഇബൈക്ക് അടുത്തിടെ ഇന്ത്യയിൽ നിർമിച്ച് പുറത്തിറക്കിയ ഇലക്ട്രിക് ഇരുചക്ര വാഹനമായ മിഹോസ്, ഡബ്ലിനിലെ മലാഹൈഡ് ക്രിക്കറ്റ് ക്ലബ് ഗ്രൗിൽ പ്രദർശിപ്പിക്കും.ഡബ്ലിനിലെ മലാഹൈഡ് ക്രിക്കറ്റ് ക്ലബ് ഗ്രൗ് ഇന്ത്യയും അയർലൻഡും തമ്മിലുള്ള ടി20 പരമ്പരക്കായി സജ്ജമായി കഴിഞ്ഞു. 2023 ഓഗസ്റ്റ് 18 മുതൽ ഓഗസ്റ്റ് 23 വരെയാണ് ആവേശകരമായ മത്സരങ്ങൾ അരങ്ങേറുക.

## ഇന്ത്യയിലെ ഏറ്റവും വലിയ ബാഡ്മിൻറൺ സ്റ്റേഡിയം നിർമ്മാണം: ഡബിൾ സ്കിൻ റൂഫിങ് നൽകി ടാറ്റാ ബ്ലൂസ്കോപ് സ്റ്റീൽ



**കൊച്ചി:** കളർ കോട്ടഡ് റൂഫിങ്, ക്ലാഡിങ് സംവിധാനങ്ങൾ ലഭ്യമാക്കുന്ന രംഗത്തെ മുൻനിരക്കാരായ ടാറ്റാ ബ്ലൂസ്കോപ് സ്റ്റീൽ ഗുവഹാട്ടിയിലെ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിനായി വിതരണം ചെയ്തത് 21,000 ചതുരശ്ര മീറ്ററോളം ലൈസാറ്റ് ക്ലിപ് ലോക് 700 ഡബിൾ സ്കിൻ റൂഫിങ്.

ഇന്ത്യയിലെ ഏറ്റവും വലിയ ബാഡ്മിൻ്റൻ സ്റ്റേഡിയമായ രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൻറെ വികസനത്തിൽ ടാറ്റാ ബ്ലൂസ്കോപ് സ്റ്റീൽ വഹിച്ചത് വളരെ നിർണായകമായ പങ്കാണ്. അസ്സം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമയാണ് ഈ സ്റ്റേഡിയം ഉദ്ഘാടനം ചെയ്തത്. നിർമാണ വ്യവസായ മേഖലയുടെ വളർന്നു വരുന്ന ആവശ്യങ്ങൾക്ക് അനുസൃതമായ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ തങ്ങൾക്കുള്ള തുടർച്ചയായ പ്രതിബദ്ധതയാണ് രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിന് പുതുതലമുറ ഡബിൾ സ്കിൻ റൂഫിങ് വിതരണം ചെയ്യുന്നതിലൂടെ പ്രകടമാക്കിയതെന്ന് ടാറ്റാ ബ്ലൂസ്കോപ് സ്റ്റീൽ സൊല്യൂഷൻസ് ബിസിനസ് വൈസ് പ്രസിഡൻറ് സി ആർ കുൽക്കർണി പറഞ്ഞു.ഇന്ത്യയിലെ സ്റ്റേഡിയങ്ങൾക്കും സ്പോർട്സ് കോംപ്ലക്സുകൾക്കുമായി മറ്റ് നിരവധി ഓർഡറുകൾക്കൊപ്പം, ടാറ്റ ബ്ലൂസ്കോപ്പ് സ്റ്റീൽ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ നിർമ്മിക്കുന്ന രീതിയെ പരിവർത്തനം ചെയ്യുകയാണ്.

## കായിക താരങ്ങൾക്ക് ആദരം: ഐ.ഒ.സി; സംഗീത വീഡിയോ പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയുടെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് വിവിധ കായിക ഇനങ്ങളിൽ ഇന്ത്യക്ക് മഹത്വം കൈവരിച്ച കായികതാരങ്ങളെ ഉൾപ്പെടുത്തി ഇന്ത്യൻ ഓയിൽ കോർപറേഷന്റെ പിന്തുണയോടെയുള്ള ഇന്ത്യയുടെ ദേശീയഗാനത്തിന്റെ ആവിഷ്കാരം പുറത്തിറക്കി. എല്ലായിടത്തും പുരോഗതി കൈവരിക്കുന്ന, 'രാഷ്ട്രം ആദ്യം, എപ്പോഴും ഒന്നാമത്' എന്ന തത്വം എല്ലാ ദിവസവും അനുഷ്ഠിക്കുന്ന ഒരു കാലഘട്ടത്തിലേക്കുള്ള നമ്മുടെ രാജ്യത്തിന്റെ പ്രവേശനത്തെ സൂചിപ്പിക്കുന്ന ക്രിയാത്മകമായ ആവിഷ്കാരമായ 'ജയ ഹേ!' എന്ന പ്രചോദനാത്മക സംഗീത വീഡിയോയും കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി പുറത്തിറക്കി.ഇന്ത്യയിലെ സ്പോർട്സ് ഒരു വികാരമാണെന്നും കായികരംഗത്ത് ജയമോ തോൽവിയോ അല്ല പ്രധാനമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. സ്പോർട്സിന്റെ ചൈതന്യവും സ്പോർട്സ്മാൻഷിപ്പുമാണ് രാഷ്ട്രത്തിന് സന്തോഷം പകരുന്നത്. ഇന്ത്യൻ ഓയിൽ പുറത്തിറക്കിയ കായിക ഗാനം കായികരംഗത്തോടുള്ള രാജ്യത്തിന്റെ അഭിനിവേശത്തെ വീും ഊർജ്ജസ്വലമാക്കുന്നു. പാരാ അത്ലറ്റിക്സ് ഉൾപ്പെടെയുള്ള എണ്ണമറ്റ കായിക ഇനങ്ങൾക്ക് ഇന്ത്യൻ ഓയിൽ നൽകുന്ന പിന്തുണ പ്രശംസനീയമാണെന്നും കേന്ദ്രമന്ത്രിഹർദീപ് സിങ് പുരി പറഞ്ഞു.

# ഗ്രാഫീൻ ഉത്പാദനം:മികവിന്റെ കേന്ദ്രം കൊച്ചിയിൽ തുടങ്ങും

**കൊച്ചി:** ഇലക്ട്രോണിക്സ് ഉപകരണങ്ങളിലെ അതിനൂതന വസ്തുവായ ഗ്രാഫീൻ ഉത്പാദനത്തിനുള്ള മികവിന്റെ കേന്ദ്രം കളമശേരിയിലെ മേക്കർ വില്ലേജിൽ തുടങ്ങും. മേക്കർ വില്ലേജ് സന്ദർശിച്ച കേന്ദ്ര ഇലക്ട്രോണിക്ഐടി വകുപ്പ് സെക്രട്ടറി അൽക്കേഷ് കുമാർ ശർമ്മ ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തി. 94.85 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് വഹിക്കുന്നത്.രാജ്യത്ത് ഇലക്ട്രോണിക്സ് ഐടി മേഖലയിലെ മികച്ച അന്തരീക്ഷം മുതലാക്കാൻ കമ്പനികൾ ശ്രമിക്കണമെന്ന് അൽക്കേഷ് കുമാർ ശർമ്മ പറഞ്ഞു. ടെക്നോളജി, പ്രതിഭ, നൂതനത്വം, ഉത്പന്നം എന്നിവയാണ് ഭാവിയുടെ പ്രതീക്ഷകൾ. ഇതിൽ ഗ്രാഫീൻ ഭാവിയുടെ ഉത്പന്നമാണ്. ഇത് ഉത്പാദിപ്പിക്കാൻ സാധിക്കുന്നതോടെ രാജ്യത്ത് വമ്പിച്ച മാറ്റമാണ് നടക്കാൻ പോകുന്നതെന്നും അദ്ദേഹം പറഞ്ഞു.ഇലക്ട്രോണിക്സ് ഇൻകുബേഷനിൽ പല സംസ്ഥാനങ്ങളും മേക്കർവില്ലേജിനെയാണ് മാതൃകയാക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രതീക്ഷാനിർഭരമായ വ്യവസായ ലോകം, ഇച്ഛാശക്തിയുള്ള സർക്കാർ, ലോകരാഷ്ട്രങ്ങളുടെയിടയിൽ ഇന്ത്യയുടെ സൽപ്പേര് എന്നിവ മുതലാക്കാൻ ഐടി വ്യവസായമേഖല ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.പരമ്പരാഗത വ്യവസായത്തിൽ നിന്നും മാറി ചിന്തിക്കാൻ സംസ്ഥാനത്തെ വ്യവസായമേഖല ആരംഭിച്ചുവെന്ന് വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല പറഞ്ഞു. കേരളത്തിനുതകുന്ന 22 വ്യവസായമേഖലകൾ കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന വ്യവസായവകുപ്പിൻറെ ശ്രദ്ധ ഈ മേഖലകൾ വികസിപ്പിക്കുകയെന്നതാണ്. ഇല്ക്ട്രോണിക്സ് ഐടി മേഖലയ്ക്കാണ് ഇതിൽ ഊന്നൽ കുടുതൽ ലഭിക്കുകയെന്നും അദ്ദേഹം പറഞ്ഞു.അക്കാദമിക് മേഖലയിലുണ്ടാകുന്ന മികച്ച ഗവേഷണങ്ങൾ വ്യവസായവുമായി സമന്വയിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.അടുത്ത അഞ്ച് വർഷം കൊണ്ട് സ്റ്റാർട്ടപ്പ് മേഖലയുടെ ഉന്നമനത്തിനായി കൊണ്ടു വന്ന നിരവധി പദ്ധതികൾ പൂർത്തിയാ



കുമെന്ന് സംസ്ഥാന ഐടി സെക്രട്ടറി ഡോ. രത്തൻ കേൽക്കർ പറഞ്ഞു. ഐടി മേഖലയ്ക്ക് മികച്ച പിന്തുണയാണ് വ്യവസായ ലോകത്ത് നിന്ന് ലഭിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.മേക്കർ വില്ലേജിൻറെ ആരംഭത്തിൽ 40 കമ്പനികളെ ഇൻകുബേറ്റ് ചെയ്യാനാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും 140 കമ്പനികളെ ഇവിടെ ഇൻകുബേറ്റ് ചെയ്തുവെന്ന് കേരള ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസിലർ ഡോ. സജി ഗോപിനാഥ് പറഞ്ഞു. പ്രതിരോധമേഖലയുമായി വരെ വാണിജ്യബന്ധം പുലർത്തുന്ന സ്റ്റാർട്ടപ്പുകൾ ഇവിടെയുണ്ടെന്നും അദ്ദേഹം പറഞ്ഞു.കേന്ദ്ര ഇലക്ട്രോണിക്സ് ഐടി വകുപ്പ് കോഓർഡിനേറ്റർ സുനിത വർമ്മ, കേരള ഡിജിറ്റൽ സർവകലാശാല പ്രൊഫസർ ഡോ. അലക്സ് ജെയിംസ്, കാർബറോൻഡം വൈസ് പ്രസിഡൻറ് പി എസ് ജയൻ, ഡോ. കാമേഷ് ഗുപ്ത എന്നിവർ സംബന്ധിച്ചു.

# മാതൃയാനം പദ്ധതിക്ക് തുടക്കം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ച് മെഡിക്കൽ കോളേജ് അങ്കണത്തിൽ പ്രിൻസിപ്പൽ ഡോ. എസ്. പ്രതാപ് പതാക ഉയർത്തി  സ്വാതന്ത്ര്യ ദിനസന്ദേശം നൽകി. തുടർന്ന്  ദേശീയ ആരോഗ്യ ദൗത്യവും സംസ്ഥാന ആരോഗ്യ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന 'മാതൃയാനം'പദ്ധതിയുടെ ഉദ്ഘാടനവും മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ നിർവഹിച്ചു.നവജാത ശിശുവിനെയും അമ്മയെയും സുരക്ഷിതമായി വീട്ടിൽ എത്തിക്കുന്നതിനു വേണ്ടി നടപ്പിലാക്കുന്ന ജനനി ശിശു സുരക്ഷാ കാര്യകാരം പദ്ധതി പ്രകാരം മുൻകാലങ്ങളിൽ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ആകുമ്പോൾ യാത്രാ ചെലവിനായി 500 രൂപയാണ് നൽകിയിരുന്നത്. എന്നാൽ ഇത് ദീർഘ ദൂര യാത്രക്ക് തികയാതെ വന്നിരുന്നു ആയതിനാൽ ഇനി മുതൽ കുഞ്ഞിന്റെ ആദ്യ യാത്ര പൂർണമായും സർക്കാർ ചെലവിൽ തന്നെ  ടാക്സിയിൽ വീട്ടിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'അമ്മയും കുഞ്ഞും' പദ്ധതിയുടെ തുടർച്ചയാണ് മാതൃയാനം പദ്ധതി. ടാക്സി ഉടമകളും മെഡിക്കൽ കോളേജും തമ്മിലുള്ള കരാറിലാണ് പദ്ധതി നടത്തിപ്പ്.ദൂരെ സ്ഥലങ്ങളിൽ നിന്നും മെഡിക്കൽ കോളേജിൽ എത്തുന്ന  അമ്മക്ക് പ്രസവാനന്തരം കുഞ്ഞുമായി സുരക്ഷിതമായി വീട്ടിൽ എത്തിച്ചേരാൻ ഈ പദ്ധതി സഹായകമാണ്.

# പ്രാവിന്റെ ഫസ്റ്റ് ലുക്ക് റിലീസ് ചെയ്തു; സെപ്റ്റംബർ 15നു തിയേറ്ററുകളിലേക്ക്

**കൊച്ചി:** അമിത് ചക്കാലക്കൽ, സാബുമോൻ അബ്ദുസമദ്, മനോജ്.കെ.യു, ആദർശ് രാജ, അജയൻ തകഴി, യാമി സോന, നിഷാ സാരംഗ്, ഡിനി ഡാനിയൽ, ടീന സുനിൽ, ഗായത്രി നമ്പ്യാർ, അലീന എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന പ്രാവിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ മെഗാസ്റ്റാർ മമ്മൂട്ടി തന്റെ സോഷ്യൽ മീഡിയയിൽ കൂടി റിലീസ് ചെയ്തു. പത്മരാജന്റെ കഥയെ അവലംബമാക്കി നവാസ് അലി രചനയും സംവിധാനവും നിർവഹിക്കുന്ന ചിത്രത്തിന്റെ നിർമ്മാണം സി.ഇ.റ്റി സിനിമാസിന്റെ ബാനറിൽ തകഴി രാജശേഖരൻ ആണ് നിർവഹിക്കുന്നത്. തിരുവനന്തപുരത്തും പരിസര പ്രദേശത്തുമായി ചിത്രീകരണം പൂർത്തിയാക്കിയ പ്രാവ് സെപ്റ്റംബർ 15നു തിയേറ്ററുകളിലേക്കെത്തും. വേഫേറെർ ഫിലിംസ് ആണ് ചിത്രം കേരളത്തിലെ തിയേറ്ററുകളിലേക്കെത്തിക്കുന്നത്.പ്രാവിന്റെ അണിയറ പ്രവർത്തകർ ഇവരാണ്. ഛായാഗ്രഹണം : ആന്റണി ജോ, ഗാനരചന : ബി.കെ. ഹരിനാരായണൻ , സംഗീതം : ബിജി ബാൽ , പ്രൊഡക്ഷൻ ഡിസൈനർ : അനീഷ് ഗോപാൽ , വ




സ്ത്രാലങ്കാരം : അരുൺ മനോഹർ , മേക്കപ്പ് : ജയൻ പൂങ്കുളം, എഡിറ്റിംഗ് : ജോവിൻ ജോൺ , ചീഫ് അസോസിയേറ്റ് ഡയറക്ടർ : ഉണ്ണി.കെ.ആർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ : എസ് മഞ്ജുമോൾ,പ്രൊഡക്ഷൻ കൺട്രോളർ : ദീപക് പരമേശ്വരൻ,സൗ ഡിസൈനർ:കരുൺ പ്രസാദ്, സ്റ്റിൽസ് : ഫസ ഉൾ ഹഖ്, ഡിസൈൻസ് : പനാഷേ, പി ആർ ഓ: പ്രതീഷ് ശേഖർ.